**സബ്മിഷൻ**

മി. സ്പീക്കർ: സഭാ സമ്മേളനത്തിന്റെ അവസാന ദിവസമായതിനാൽ ഇന്ന് 43 സബ്മിഷനുകളുണ്ട്. പെൻഡിംഗുള്ള എല്ലാ സബ്മിഷനുകളും അവതരിപ്പിക്കാൻ അനുവദിക്കുന്നുണ്ട്. സബ്മിഷൻ അവതരിപ്പിക്കുന്ന അംഗങ്ങൾ ഒരുമിനുട്ടിനുള്ളിൽ ചുരുക്കി അവതരിപ്പിക്കാൻ ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി മേശപ്പുറത്തുവയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു. അംഗങ്ങളെല്ലാവരും സഹകരിക്കണം.

1. പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം

ശ്രീ. വി. ഡി. സതീശൻ: സർ, പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുമുമ്പുതന്നെ കമ്പനിയുടെ നിർദ്ദേശപ്രകാരം 36.7 ഏക്കർ ഭൂമിയും കെട്ടിടവും സർക്കാരിന് കൈമാറിയിരിക്കുകയാണ്. കേരള നിയമസഭ പതിമൂന്ന് വർഷംമുമ്പ് പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ ഇപ്പോഴും നിയമമായി മാറിയിട്ടില്ല. Water Act-ന്റെ 43, 47 വകുപ്പുകൾ പ്രകാരം കേസെടുക്കണമെന്നും പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ കമ്പനി

ഉടമകളെ അറസ്റ്റ് ചെയ്യണമെന്നുമുള്ള ആവശ്യവും സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഉന്നതാധികാര സമിതി നിശ്ചയിച്ച 216.26 കോടി രൂപയുടെ നഷ്ടപരിഹാരം ഈടാക്കാനാകുമെന്ന നിയമോപദേശം കിട്ടിയിട്ടും ഇതൊന്നും എടുത്തിട്ടില്ല. അതുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമടയിലെ കോക്കോകോള കമ്പനിക്കെതിരായി Water Act-ന്റെ 43, 47 വകുപ്പുകൾ പ്രകാരം കേസെടുക്കണമെന്നും പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ കമ്പനി ഉടമകളെ അറസ്റ്റ് ചെയ്യണമെന്നും ട്രൈബ്യൂണൽ സമ്പൂർണ്ണ നഷ്ടപരിഹാരം നൽകുന്നതുവരെ സർക്കാർ താത്കാലിക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ ഏറ്റെടുത്ത ഭൂമി നഷ്ടപരിഹാര പ്രശ്നം പരിഹരിക്കുന്നതുവരെ മറ്റാർക്കും കൈമാറുകയില്ലെന്നും ഉറപ്പുവരുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, വിശദമായ മറുപടിയാണ്. വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന മറുപടി മേശപ്പുറത്തുവയ്ക്കുന്നു. +

---

\+ അനുബന്ധമായി ചേർക്കുന്നു.

## 2. തിരുവനന്തപുരം നഗരൂരിലെ അക്രമ സംഭവം

ശ്രീ. വി. ജോയി: സർ, കിളിമാനൂരിലെ നഗരൂരിൽ യൂത്ത് കോൺഗ്രസിന്റെ ജില്ലാ ഭാരവാഹിയാണെന്നാണ് പറയപ്പെടുന്ന യൂത്ത് കോൺഗ്രസ് നേതാവിന്റെ നേതൃത്വത്തിൽ മുപ്പതോളം വരുന്ന സംഘം അവിടത്തെ ഡിവൈ.എഫ്.ഐ. പ്രവർത്തകരെ ആക്രമിച്ചു. മുഹമ്മദ് സുഹിൽ എന്ന ആളാണ് ഈ ആക്രമണങ്ങൾക്ക് നേതൃത്വം നൽകിയത്. രണ്ട് IPC 307 കേസുകളിലെ പ്രതിയാണ്. നിരവധി പോലീസ് സ്റ്റേഷനുകളിലായി പത്തോളം കേസുകളിലും പ്രതിയാണ്. കഴിഞ്ഞദിവസത്തെ ആക്രമണത്തിൽ അഫ്സൽ എന്ന ചെറുപ്പക്കാരൻ മരണത്തോട് മല്ലടിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വെന്റിലേറ്ററിലാണ്. എറിയുടെ ഭാഗമായി രണ്ടുപേരുടെ മുഖത്തിന്റെ വിവിധ ഭാഗങ്ങൾ ഇളകിപ്പോയി മുഹമ്മദും അൽത്താഫും അനന്തപുരി ആശുപത്രിയിൽ ചികിത്സയിലാണ്. ഈ ജില്ലയിൽ അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന യൂത്ത് കോൺഗ്രസിന്റെ ഈ ഭാരവാഹിയെ നിലയ്ക്കുനിർത്താൻ കഴിയണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. തിരുവനന്തപുരം ജില്ലയിലെ വിവിധ പൊലീസ് സ്റ്റേഷനുകളിൽ

ഇപ്പോൾത്തന്നെ നിരവധി കേസുകളിൽ പ്രതിയാണ്. നാട്ടിൽ മുഴുവൻ അക്രമം നടത്തുകയും ആ അക്രമങ്ങളെല്ലാം എസ്.എഫ്.ഐ.-യുടെയും ഡിവൈ.എഫ്.ഐ.-യുടെയും മുകളിൽ ചാരിവയ്ക്കുകയും ചെയ്യുന്ന ആളുകൾ, തിരുവനന്തപുരം ജില്ലയിൽ യൂത്ത് കോൺഗ്രസ് നേതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന അക്രമപരമ്പര അടിയന്തരമായി ശ്രദ്ധിക്കണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇക്കഴിഞ്ഞ 08-07-2024-ന് വൈകിട്ട് 7.30-ന് തിരുവനന്തപുരത്തെ ആറ്റിങ്ങലിനടുത്ത് നഗരൂരിൽ എ. സുഹൈൽ, നസീബ് ഷാ, സുലൈൽ, മുഹമ്മദ് സഹിൽ എന്നിവരുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന ഇരുപതോളം കെ.എസ്.യു. യൂത്ത് കോൺഗ്രസ് പ്രവർത്തകർ ചേർന്ന് മുഹമ്മദ്, ആഷിഖ്, തേജസ്, മുഹമ്മദ് അഫ്സൽ, അൽഅലിം, അൽത്താഫ്, അഫ്സൽ എന്നീ ഡിവൈ.എഫ്.ഐ. പ്രവർത്തകരെ

കല്ലുവച്ചിടിച്ചും കമ്പിയും കമ്പും ഉപയോഗിച്ച് മർദ്ദിച്ചും മാരകമായ പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവമുണ്ടായി.

മി. ചെയർമാൻ: മറുപടി മേശപ്പുറത്തുവയ്ക്കും.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ച ഇവരിൽ രണ്ടുപേരെ അടിയന്തര ചികിത്സയ്ക്കായി ഐ.സി.യു.-വിൽ പ്രവേശിപ്പിക്കുകയും തുടർന്ന് അതീവ ഗുരുതരാവസ്ഥയിലുള്ള രണ്ടുപേർ വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് ജീവൻ നിലനിർത്തുന്നത്. എല്ലാം വായിക്കുന്നില്ല. കേസിലെ പ്രധാന പ്രതികളായ മുഹമ്മദ് സുഹിൽ പത്ത് ക്രിമിനൽ കേസുകളിൽ പ്രതിയായ ക്രിമിനലാണ്. കേസിലുൾപ്പെട്ട 9 പേരെ അറസ്റ്റ് ചെയ്തു റിമാൻഡ് ചെയ്തു. സംഭവത്തിലുൾപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ടുപേരെ ജൂവെനൈൽ ജസ്റ്റിസ് ബോർഡ് ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്. പ്രതികളിൽ ഒരാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഭാരതീയ ന്യായ സംഹിതയിലെ വകുപ്പുകൾ അനുസരിച്ച് ക്രൈം 444/2024 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം

നടക്കുന്നു. സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3. പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശ നിർണ്ണയം

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാനത്തെ കൃഷി ഭൂമിയെയും ജനവാസ മേഖലകളെയും ഒഴിവാക്കിക്കൊണ്ടും ESA (Eco-Sensitive Areas) നിർദ്ദേശിച്ചുകൊണ്ടും ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചുകൊണ്ട് പല നോട്ടിഫിക്കേഷനും നടത്തിയിട്ടുണ്ട്. ഏറ്റവും അവസാനത്തെ 06-07-2022-ലെ നോട്ടിഫിക്കേഷനിലും അത് വ്യക്തമാക്കിയിട്ടുണ്ട്. കേരളം ഒഴികെയുള്ള മറ്റ് തെക്കൻ സംസ്ഥാനങ്ങൾക്കുവേണ്ടിയാണ് ഈ നോട്ടിഫിക്കേഷൻ. എന്നാൽ കേരള സർക്കാർ 06-03-2024-ൽ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിൽ മറിച്ചാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിന്റെ ബദൽ നിർദ്ദേശം അംഗീകരിച്ചിട്ടില്ല. ആദ്യത്തെ കരടാണ് ഇപ്പോഴും പ്രാവർത്തികമാകുന്നത്. ഈ തെറ്റ് തിരുത്താനും ജനവാസ മേഖലകളെയും കൃഷി സ്ഥലങ്ങളെയും

പൂർണ്ണമായും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളായി മാറ്റുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ കേരള സർക്കാർ സ്വീകരിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ദീർഘമായ മറുപടിയാണ്. അവസാന ഭാഗം മാത്രം പറയാം.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വേണ്ടത്ര പരിശോധനകൾ നടത്താതെ ജനവാസ മേഖലകളെക്കൂടി ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 2014-ൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ കരട് വിജ്ഞാപനമാണ് ഇപ്പോഴും നിലവിലുള്ളത്. എന്നാൽ ജനവാസ മേഖലകൾ, തോട്ടങ്ങൾ, ജലാശയങ്ങൾ, ഒറ്റപ്പെട്ട വനപ്രദേശങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി മാത്രമേ പരിസ്ഥിതി ലോല പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യാവൂ എന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. അതനുസരിച്ചുള്ള നടപടികളാണ് നേരത്തേ വിശദീകരിച്ചത്.

4. ജയിലുകൾ കേന്ദ്രീകരിച്ച് ഡീ അഡിക്ഷൻ സെന്ററുകൾ

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തെ ജയിലുകൾ കേന്ദ്രീകരിച്ച് ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കണമെന്നുള്ളതാണ് സബ്മിഷൻ. നമ്മുടെ സംസ്ഥാനത്ത് ന്യൂജെൻ മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിക്കുകയാണ്. മയക്കുമരുന്നിന് അടിമകളായവർ ഹീനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഗ്രാമിന് 2000/- രൂപ മുതൽ 3000/- രൂപ വരെ വിലയുള്ള ഇത്തരം മയക്കുമരുന്നുകൾ വാങ്ങാൻ പണം കണ്ടെത്താനായി നാട്ടിൽ ഗുണ്ടാപ്രവർത്തനവും കവർച്ചയും നടത്തി നാട്ടിലെ ക്രമസമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുകയാണ്. ഇത്തരം പ്രതികൾ ജയിലുകളിലെത്തിയാൽ വലിയ രീതിയിലുള്ള അതിക്രമങ്ങൾ നടത്താറുണ്ട്. ജയിൽ ഉദ്യോഗസ്ഥരെ ആക്രമിക്കുക, സഹതടവുകാരെ ആക്രമിക്കുക, സ്വയം മുറിവേൽപ്പിക്കുക, ചുരവിൽ തലയിടിച്ച് ചോര ചീറ്റി ഭീകരത സൃഷ്ടിക്കുക എന്നീ പ്രവൃത്തികളിലൂടെ ജയിൽ അന്തരീക്ഷത്തെ ഭീകരമാക്കുകയാണ് ചെയ്യുന്നത്. ഇത്തരം തടവുകാരെ ഡീ അഡിക്റ്റ് ചെയ്യാൻ ഫലപ്രദമായിട്ടുള്ള മാർഗ്ഗങ്ങൾ ജയിലുകളില്ല. പുറത്തേയ്ക്ക് കൊണ്ടുപോകാനാണെങ്കിൽ പോലീസിന് മതിയായ

എസ്കോർട്ട് കൊടുക്കാൻ പരിമിതികൾ ഏറെയുണ്ടുതാനും. അതുകൊണ്ടുതന്നെ സുരക്ഷാ പ്രശ്നവുമുണ്ട്. മദ്യപാനത്തിൽനിന്നും വിമുക്തരാക്കുന്നതുപോലെ മയക്കുമരുന്നിന് അടിമപ്പെട്ടവരെ വിമുക്തരാക്കണമെങ്കിൽ കൂടുതൽ കാലയളവ് വേണം. കണ്ണൂർ സെൻട്രൽ ജയിലിലെ മെന്റൽ ബ്ലോക്ക് അത്ര പ്രവർത്തന ക്ഷമമല്ല. ആയതിനാൽ എല്ലാ സുരക്ഷാ സൗകര്യങ്ങളോടുംകൂടിയ ഡീ അഡിക്ഷൻ സെന്ററുകൾ തെരഞ്ഞെടുക്കപ്പെട്ട ജയിലുകളിൽ ഡീ അഡിക്ഷൻ സെന്റർ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് സബ്മിഷൻ. ഉദാഹരണം കണ്ണൂർ കാസർഗോഡ് ജില്ലകളെ കേന്ദ്രീകരിച്ച് ചീമേനി ജയിലിൽ ആകാവുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ജയിലുകൾ കേന്ദ്രീകരിച്ച് ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് അനുകൂല മറുപടിയാണുള്ളത്. മറുപടി മേശപ്പുറത്തുവയ്ക്കുന്നു. [+]

+ അനുബന്ധമായി ചേർത്തിരിക്കുന്നു

5. <u>പട്ടം കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, പട്ടം കേന്ദ്രമാക്കി പുതിയൊരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നതാണ് സബ്മിഷന്റെ ഉള്ളടക്കം. മ്യൂസിയം, മെഡിക്കൽ കോളേജ്, പേരൂർക്കട എന്നിവ തലസ്ഥാന നഗരത്തിലെ പ്രധാനപ്പെട്ട മൂന്ന് സ്റ്റേഷനുകളാണ്. മ്യൂസിയത്ത് ഏകദേശം 110000 ജനസംഖ്യയും മെഡിക്കൽ കോളേജിൽ 125000 ജനസംഖ്യയും പേരൂർക്കടയിൽ 135000-ത്തിൽപ്പരം ജനസംഖ്യയുമുണ്ട്. ഇതിൽ പ്രധാനമായും തലസ്ഥാന നഗരത്തിലെ പ്രതിപക്ഷ നേതാവിന്റെ വസതി, രാജ്ഭവൻ, ക്ലിഫ് ഹൗസ്, നഗരസഭ ഉൾപ്പെടെയുള്ള നിരവധി ഭാഗങ്ങൾ ഈ ജ്യൂറിസ്ഡിക്ഷനിൽ വരികയാണ്. സ്വാഭാവികമായും പോലീസുകാർക്ക് ലാ ആൻഡ് ഓർഡർ പരിപാലിക്കുന്നതിനപ്പുറത്തേയ്ക്ക് ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് സമയമില്ലാത്തൊരു സ്ഥിതിവരികയാണ്. അതുകൊണ്ടാണ് പട്ടം കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കണമെന്ന ആവശ്യമുന്നയിക്കാൻ കാരണം. അതിനാവശ്യമായ സ്ഥലസൗകര്യം പട്ടം ട്രാഫിക് സ്റ്റേഷനിലുണ്ട്. അതിനാൽ അവിടം കേന്ദ്രീകരിച്ചുകൊണ്ട് ഒരു പുതിയ പോലീസ് സ്റ്റേഷൻ

രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നതാണ് സബ്മിഷന്റെ ഉള്ളടക്കം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു. +

## 6. മാങ്ങോട് മോഡേൺ റൈസ് മിൽ പദ്ധതി

ശ്രീ. പി. പി. സുമോദ്: സർ, പാലക്കാട് ജില്ലയിലെ നെൽ കർഷകർ അനുഭവിക്കുന്ന നെല്ലിന്റെ സംഭരണവും സംസ്കരണവും വിതരണവും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി പാലക്കാട് ജില്ലയിലെ PAPCOS സംഘം രൂപീകരിച്ചു. അതിന് കീഴിൽ എന്റെ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്തിലെ മോഡേൺ റൈസ് മിൽ പദ്ധതി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. അത് നടപ്പിലാക്കുന്നതിനുവേണ്ടി എന്റെ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്തിലെ മാങ്ങോട് എന്ന സ്ഥലത്ത് 27.5 ഏക്കർ സ്ഥലം നിലവിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് വളരെയധികം പ്രയോജനപ്പെടുന്ന സഹകരണ മേഖലയിലെ ഏറ്റവും വലിയ

+ അനുബന്ധമായി ചേർത്തിരിക്കുന്നു

പദ്ധതിയാണിത്. നിലവിൽ കോട്ടയം ജില്ലയിൽ ഈ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാൽ കണ്ണമ്പ്രയിൽ ഈ പദ്ധതി മന്ദഗതിയിലാണ്. അതുകൊണ്ട് അടിയന്തരമായി ഈ സർക്കാരിന്റെ കാലത്തുതന്നെ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടികൾ നടപ്പിലാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിക്കുവേണ്ടി മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.+

7. വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പുതുക്കാട് നിയോജകമണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാനപ്പെട്ട ജലസേചന പദ്ധതിയാണ് വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. ആ പദ്ധതി 2018-ൽ 330 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായതാണ്. ആറ് വർഷമായിട്ടും ആ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കരാറുകാരൻ 22 ശതമാനം നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ആകസ്മികമായി മരണപ്പെട്ടു. തുടർന്ന് ആ കരാർ റദ്ദ്

+ അനുബന്ധമായി ചേർക്കുന്നു.

ചെയ്ത് ജി.എസ്.ടി. 18 ശതമാനം ഉൾപ്പെടുത്തിയ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഇതുവരെ ആ പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ പല കാര്യങ്ങളിലും നല്ല പിന്തുണ നൽകി പല പദ്ധതികളും പൂർത്തീകരിക്കുന്നതിനുവേണ്ടി ഇടപെടൽ നടത്തുന്ന ജലസേചന വകുപ്പ് തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുൾപ്പെടെ നടപ്പിലാക്കാൻ വേണ്ടി പ്രത്യേക പരിഗണനയും സാമ്പത്തിക സഹായവും നൽകിയിട്ടുള്ള ജലവിഭവ വകുപ്പിനേയും മന്ത്രിയേയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ആ പദ്ധതി ആരംഭിച്ച് പ്രവൃത്തി നടന്നുവരുന്ന സന്ദർഭത്തിലാണ് കരാറുകാരന്റെ ആകസ്മിക മരണമുണ്ടാകുന്നത്. അതിനുശേഷം ആ കരാർ വീണ്ടും 2018 ജി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് പുതുക്കിയ

ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആ നിലയിൽ അത് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്.

8. കുണ്ടുവംപാടം - വടശേരി റോഡ് നവീകരണ പ്രവൃത്തി

ശ്രീമതി ശാന്തകുമാരി കെ.: സർ, എന്റെ നിയോജകമണ്ഡലത്തിലെ കേരളശേരി പഞ്ചായത്തിനെ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് 2020-21-ലാണ് 4140 വീടുകളിലേയ്ക്കുള്ള കുടിവെള്ള കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതി വിഭാവനം ചെയ്തത്. കരാർ എടുത്തിട്ടുള്ള മിഡ്‌ലാന്റ് കമ്പനി ഇടക്കാലത്ത് നിർമ്മാണം നിർത്തിവച്ച് കോടതിയിൽ കേസിന് പോകുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2023-ലാണ് 22 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ചത്. ഇക്കാരണത്താൽ മൂന്ന് വർഷം നിർമ്മാണം വൈകിയിരിക്കുകയാണ്. കേരളശേരി പഞ്ചായത്തിലെ കോങ്ങാട്, കടമ്പഴിപ്പുറം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുണ്ടുവംപാടം - വടശേരി റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ഏകദേശം ആറ് കിലോമീറ്റർ ദൂരം നിർമ്മാണം നടക്കുന്ന സമയത്താണ് പൈപ്പ് ലൈനിംഗ് നടത്തുന്നതിനായി

വടശേരി പ്രദേശത്ത്, ഏകദേശം രണ്ട് പഞ്ചായത്തിലെ നിർമ്മാണം പൂർത്തിയാക്കി കേരളശേരി പഞ്ചായത്തിലെത്തിയപ്പോഴേയ്ക്കും പി.ഡബ്ല്യൂ.ഡി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന് ആവശ്യപ്പെടുന്നത് ഏകദേശം 43 ലക്ഷത്തിൽപ്പരം രൂപയാണ്. ആ പദ്ധതിൽ എവിടെയും പുനരുദ്ധാരണ പ്രവൃത്തനത്തിന് ഫണ്ട് നീക്കിവയ്ക്കാത്തത് ഒരു വലിയ പ്രശ്നമായി നിലനിൽക്കുകയാണ്. അതുകൊണ്ട് കുണ്ടുവംപാടം - വടശേരി പ്രദേശത്ത് റോഡ് തകർന്നുകിടക്കുകയാണ്, ജൽജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നീ കാരണങ്ങൾ കൊണ്ട് സോഷ്യൽ മീഡിയ വഴിയും അല്ലാതെയും സർക്കാരിനെതിരെയും എം.എൽ.എ.-യ്ക്ക് എതിരെയും വ്യാപക പ്രചരണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം വളരെ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണ്. ഇതോടോപ്പം കേരളശേരി പഞ്ചായത്തിന് ബന്ധിപ്പിക്കുന്ന പത്തരിപ്പാടം - കോങ്ങാട് പി.ഡബ്ല്യൂ.ഡി. റോഡിന്റെ സൈഡിൽക്കൂടി പൈപ്പ് ലൈൻ എടുക്കാനുള്ള അനുവാദം മണ്ണൂർ പഞ്ചായത്തിനുൾപ്പെടെ ലഭിക്കേണ്ടതായുണ്ട്. ഈ പുനരുദ്ധരണ പ്രവർത്തനത്തിൽ ഒരു പ്രത്യേക സ്ഥലമാണ് പറഞ്ഞതെങ്കിലും അതിൽ ഒരു

വലിയ പ്രശ്നം നിലനിൽക്കുകയാണ്. അടിയന്തരമായി ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ സർക്കാർ തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ എല്ലായിടത്തും നടന്നുവരുന്നുണ്ട്. കേന്ദ്ര സർക്കാർ വിഹിതമായി ഈ വർഷം സംസ്ഥാനത്തിന് 1949.36 കോടി രൂപയാണ് വകയിരുത്തിയത്. അതിൽ 292.4 കോടി രൂപ ലഭിച്ചു. അതിന്റെ ഭാഗമായി സംസ്ഥാന വിഹിതം 285.58 കോടി രൂപ നൽകി ഇപ്പോൾ പ്രാബല്യത്തിൽകൊണ്ടുവന്നുകഴിഞ്ഞു. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ കള്ളവപ്പാട് - കുണ്ടുവംപാടം - വടശേരി പി.എം.ജി.എസ്.വൈ. റോഡിന് പുനരുദ്ധാരണത്തിന് ആവശ്യമായ തുക അടയ്ക്കേണ്ടതായുണ്ട്. അടുത്ത കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ വരുന്ന സന്ദർഭത്തിൽ ഫണ്ടിന്റെ ലഭ്യതകൂടി മനസ്സിലാക്കി അത്തരം കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 9. തൊളിക്കോട് കേന്ദ്രീകരിച്ച് കെ.ഡബ്ല്യൂ.എ. സബ്ഡിവിഷൻ

ശ്രീ. ജി. സ്റ്റീഫൻ: തൊളിക്കോട് കേന്ദ്രീകരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഒരു സബ്ഡിവിഷൻ രൂപീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇത്തരത്തിൽ ഒരു പുതിയ സബ്ഡിവിഷൻ രൂപീകരിക്കുകയാണെങ്കിൽ ഒരു ലക്ഷം കണക്ഷനുകൾ അവിടെ നൽകാൻ സാധിക്കും. നെടുമങ്ങാട് മുൻസിപ്പാലിറ്റിയും 19 പഞ്ചായത്തുകളും ഉൾപ്പെടുന്ന വളരെ വിശാലമായ അധികാരപരിധിയാണ് നിലവിലുള്ള നെടുമങ്ങാട് സബ്ഡിവിഷനുള്ളത്. തൽഫലമായി ജല വിതരണം, അറ്റകുറ്റപ്പണികൾ, ജെ.ജെ.എം. വർക്കുകൾ, റവന്യൂ കളക്ഷൻ എന്നിവയെല്ലാം നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കണക്ഷനുകളുടെ എണ്ണവും വളരെ കൂടുതലാണ്. മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾ വനമേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. അവർക്കും ഇത് അസൗകര്യമാണ്. ഇത്തരത്തിൽ വളരെയധികം വിസ്തൃതിയേറിയ പ്രദേശങ്ങളുള്ള സബ്ഡിവിഷനുകളെ വിഭജിച്ച് തൊളിക്കോട് കേന്ദ്രീകരിച്ച് ഒരു സബ്ഡിവിഷൻ രൂപീകരിക്കണം. ഇത് സമീപത്തുള്ള

നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളെക്കൂടി ഉൾക്കൊള്ളിക്കാൻ സാധിക്കും. തൊളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസ്തുത സബ്ഡിവിഷൻ സ്ഥാപിച്ചാൽ അതിനാവശ്യമായ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം സൗജന്യമായി വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിന്റെ ഭാഗമായി അധിക സാമ്പത്തിക ബാധ്യത ജലവിഭവ വകുപ്പിനുണ്ടാകുന്ന സ്ഥിതിയില്ല. ആയതുകൊണ്ട് തൊളിക്കൊട് കേന്ദ്രീകരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഒരു സബ്ഡിവിഷൻ രൂപീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്ന സന്ദർഭത്തിൽ ഇത്തരം കാര്യങ്ങൾ ചിന്തിക്കേണ്ടതായിവരും. അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ മുന്നൊട്ടുകൊണ്ടുപോകുന്നതിന് ഇത്തരത്തിലുള്ള ക്രമീകരണം ആവശ്യമാണെന്നാണ് പ്രാഥമികമായി വിലയിരുത്തുന്നത്. ആ നിലയിൽ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലാടിസ്ഥാനത്തിലും ഡിവിഷൻ

ഓഫീസുകൾ മൂന്നോനാലോ നിയമസഭാ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സബ്ഡിവിൻ സെക്ഷൻ ഓഫീസുകൾ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്തതിനുശേഷമേ പ്രൊപ്പോസൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമെന്ന നിലയിൽ ആ ഘട്ടത്തിൽ അത് പരിഗണിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 10. മംഗലം ഇറിഗേഷൻ പ്രോജക്ട്- കൂലി ക്വാർട്ടേഴ്സിലെ താമസക്കാർക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗൽ ഡാം ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വന്നിരുന്ന കൂലിത്തൊഴിലാളികൾ ഏതാണ്ട് അറുപത് വർഷക്കാലമായി ആ പ്രദേശത്ത് സ്ഥിരതാമസ്സക്കാരാണ്. അവർക്ക് ക്വാർട്ടേഴ്സുകൾ അനുവദിച്ചതാണ്. അവർക്ക് റേഷൻ കാർഡ്, ഐ.ഡി.കാർഡ്, ആധാർ കാർഡ്, കെ.എസ്.ഇ.ബി. കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്താണ് എൻ.ഒ.സി.

ലഭ്യമാക്കിയത്. എന്നാൽ അവർക്ക് സ്വന്തമായി സ്ഥലവും വീടുമില്ലാത്ത സാഹചര്യത്തിൽ അവർക്ക് ആ സ്ഥലത്ത് പട്ടയം ലഭിക്കുന്നതിനാവശ്യമായ എൻ.ഒ.സി ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വർഷങ്ങൾക്കുമുമ്പ് അവിടെ താമസമാരംഭിച്ചു തുടങ്ങിയവരാണ്. രണ്ടോ മൂന്നോ തലമുറതന്നെ കഴിഞ്ഞുപോയിരിക്കുന്നു. ഇവിടെ പറഞ്ഞ രേഖകളെല്ലാം അവരുടെ കയ്യിലുണ്ട്. പട്ടയം ലഭിക്കുന്നതുമായ വിഷയമാണ് തടസ്സമായി നിൽക്കുന്നത്. ഇവിടെ കാണേണ്ട വിഷയം ഡാം ടൂറിസം വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ആവശ്യമായി വരുന്ന സന്ദർഭമാണെങ്കിൽപ്പോലും ഇത്രയും കാലം അവരുടെ കൈവശമിരുന്ന എന്നതുകകൊണ്ടുതന്നെ പട്ടയം ഡാഷ് ബോർഡിൽ ചേർത്ത പട്ടയം മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമായികാണുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം സർക്കാർ എടുക്കേണ്ടതുണ്ട്.

അക്കാര്യത്തിൽ ഇറിഗേഷൻ വകുപ്പ് നല്ല സമീപനം സ്വീകരിക്കണമെന്നതന്നെയാണ് പ്രതീക്ഷിക്കുന്നത്.

11. മാട്ടൂൽ-മാടായി പ്രദേശങ്ങളിലെ കടൽഭിത്തി നിർമ്മാണം

ശ്രീ. എം. വിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാട്ടൂൽ - മാടായി ഗ്രാമ പഞ്ചായത്തുകളിൽ 2820 മീറ്റർ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് 2019-20 ബജറ്റിൽ 16 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 23-02-2021-ന് സൈറ്റ് കൈമാറിയതാണ്. 18 മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനാണ് എഗ്രിമെന്റ്. എന്നാൽ ഇതുവരെ 48 ശതമാനം മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. മഴ ശക്തിപ്പെട്ടതിനാലും കടലാക്രമണം കൂടി വരുന്നതിനാലും എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഈ വിഷയം വളരെ ഗൗരവപൂർവ്വമായി കാണുന്നു. മാട്ടൂൽ-മാടായി പ്രദേശത്തെ കടൽഭിത്തി

നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതിന്റെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-യെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ഇത്തരം കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 12. ഒറ്റപ്പാലം കോടതി സമുച്ചയം

ശ്രീ. കെ. പ്രേംകുമാർ: സർ, താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് കോടതി. നിലവിലുള്ള കോടതി കെട്ടിടം പുതുക്കിപ്പണിയുന്നതിന് ആവശ്യമായ ശ്രമം നടത്തിയെങ്കിലും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ചില ഇടപെടലുകളുടെ ഭാഗമായി അവിടെയത് സാധ്യമാകില്ലെന്ന സാഹചര്യം വന്നതിനെത്തുടർന്ന് ഇതിന് അനുയോജ്യമായ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള 70 സെന്റ് സ്ഥലം കണ്ടെത്തുകയും ചെയ്തു. ഒറ്റപ്പാലം കോടതിയിൽ അഡീഷണൽ ജില്ലാ കോടതി, കുടുംബ കോടതി, സബ് കോടതി, മുൻസിഫ് കോടതി, സി.ജെ.എം. കോടതി, എം.എ.സി.റ്റി. കോടതി ഉൾപ്പെടെയുള്ള വ്യത്യസ്തങ്ങളായ കോടതികളുടെ പ്രവർത്തനം നടക്കുന്നുണ്ട്. ഇവിടെ 23,35,50,000 രൂപയുടെ പുതുക്കിയ

ഭരണാനുമതി ലഭിക്കുകയുണ്ടായി. എന്നാൽ ടി പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇറിഗേഷൻ വകുപ്പിന്റെ 70 സെന്റ് സ്ഥലം ഉപയോഗാനുമതി/പെർമിസീവ് സാംങ്ഷൻ നൽകിയാൽ കോടതി എന്ന യാഥാർത്ഥ്യം സാക്ഷാത്കരിക്കാനാകും. ഇക്കാര്യത്തിൽ ആവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രസ്തുത വിഷയത്തിന്മേൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. പ്രസ്തുത ഫയൽ ഇതിനോടകം റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അക്കാര്യം ആഭ്യന്തര വകുപ്പിനേയും അറിയിച്ചിട്ടുണ്ട്. എം.എൽ.എ. സൂചിപ്പിച്ച വിഷയത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സങ്ങളൊന്നും ഉണ്ടാകില്ലെന്ന കാര്യം അറിയിക്കുന്നു.

## 13. തൂതപ്പുഴയിൽ തടയണ നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും കുടിവെള്ള വിതരണത്തിനുവേണ്ടി

ഉപയോഗിക്കുന്ന ജൽജീവൻ മിഷന്റെ ജലസ്രോതസ്സിനും 1984 മുതൽ നടന്നുവരുന്ന ജനസേചന പദ്ധതിക്കും ഭൂതപ്പുഴയിലെ ഒരേ സ്ഥലത്തുനിന്നാണ് വെള്ളമെടുക്കുന്നത്. ഈ സ്ഥലത്ത് ഒരു തടയണ നിർമ്മിക്കാൻ അടിയന്തരമായ ഇടപെടൽ ഉണ്ടായിട്ടില്ലെങ്കിൽ വരൾച്ചാകാലത്ത് രണ്ട് പദ്ധതികളും മുടങ്ങുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ഭൂതപ്പുഴയിലെ രാമഞ്ചാടി കുടിവെള്ള പദ്ധതിയേയും രാമഞ്ചാടി ജലസേചന പദ്ധതിയേയും നിലനിർത്താൻ അടിയന്തരമായി ഒരു തടയണ നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രസ്തുത വിഷയം സംബന്ധിച്ചുള്ള ആവശ്യകത പരിശോധിക്കുകയും ഇത്തരം കാര്യങ്ങൾക്കുവേണ്ടി പ്രവൃത്തി ആവശ്യമാണെന്ന് കാണുന്ന മുറയ്ക്ക് തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കാവുന്നതാണ്.

14. എ.സി. കനാൽ തുറക്കുന്നതിന് നടപടി

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരിയിലെ എ.സി. കനാൽ തുറക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനായി അവതരിപ്പിക്കുന്നത്. ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് പണി

പൂർത്തിയാകാറായി. എ.സി. കനാൽ തുറക്കുകയെന്നത് കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും ജനങ്ങളുടെ വലിയൊരു ആവശ്യമാണ്. എ.സി.കനാലിന്റെ ഒന്നാംകര-നെടുമുടി ഭാഗം തുറന്നാൽ കുട്ടനാട്ടിലേയും അപ്പർ കുട്ടിനാട്ടിലേയും ജനങ്ങൾക്കും തിരുവല്ല-ചങ്ങനാശ്ശേരി പ്രദേശങ്ങളിലെ ജനങ്ങൾക്കും നെൽകർഷകർക്കും വളരെയേറെ പ്രയോജനം ലഭിക്കും. കൂടാതെ ഈ മേഖലയിലെ കാർഷിക രംഗം അഭിവൃദ്ധിപ്പെടുകയും ചെയ്യും. ഇതിലൂടെ പ്രളയഭീതി ഒരുപരിധിവരെ ഒഴിവാക്കാനും കഴിയും. എ.സി.കനാലിന്റെ ഒന്നാം ഘട്ടം തുറക്കുന്നതുസംബന്ധിച്ച് ഐ.സി. ചാക്കോയും ഡോ. സ്വാമിനാഥൻ കമ്മീഷനുമൊക്കെ നേരത്തെ ഇക്കാര്യം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന എ.സി. കനാൽ അടിയന്തരമായി തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട പ്രോജക്ടാണിത്. എ.സി. കനാലിന്റെ ഒന്നാംഘട്ടമായ മനക്കച്ചിറ-ഒന്നാംകര വരെയുള്ള ഭാഗം കുട്ടനാട് പാക്കേജിലുൾപ്പെടുത്തി പണി

പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാംകര-നെടുമുടി വരെയുള്ള ഭാഗം രണ്ടാംഘട്ടത്തിലും പള്ളാത്തി വരെയുള്ള ഭാഗം മൂന്നാംഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗം, ഉയർന്നുവരുന്ന ഫ്ലഡ് നിയന്ത്രിക്കാനും ടൂറിസം സാധ്യതകൾക്കും വളരെയധികം പ്രയോജനകരമാക്കാൻ കഴിയുന്ന സാഹചര്യമാണ് നിലവിലുള്ളതെന്ന് മനസ്സിലാക്കുന്നു. എ.സി.കനാൽ തുറക്കാനാവശ്യമായ ചർച്ചകളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. രണ്ടാംഘട്ടമായ ഒന്നാംകര-നെടുമുടി വരെയുള്ള ഭാഗം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യാനാകുമോയെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നിരന്തരം ഇക്കാര്യങ്ങൾ ചർച്ചചെയ്യുന്നുണ്ട്. വിഷയത്തെ വളരെ പോസിറ്റീവായാണ് കാണുന്നത്. എ.സി.കനാൽ നാടിന്റെ ഒരാവശ്യമാണ്. നെടുമുടി ഭാഗത്തെത്തിയാൽ പമ്പയിലൂടെയാണ് വെള്ളം ഒഴുകിപ്പോകുന്നത് എന്നതാണ് മറ്റൊരു കാര്യം. അതുകൊണ്ട് ഫ്ലഡ് കൺട്രോൾ ചെയ്യാൻ സാധിക്കുന്ന സാഹചര്യവുമുണ്ട്. ഇത് കർഷകർക്കും പ്രയോജനകരമാണ്. അതുകൊണ്ട് നല്ല രീതിയിൽ കാര്യങ്ങൾ

പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

15. മീതുർ സബ്സ്റ്റേഷന് അനുമതി

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ വാമനപുരം ഗ്രാമപഞ്ചായത്തിലെ മീതുരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന സർവ്വേ നമ്പർ 2318/1-ൽ ഉൾപ്പെടുന്ന 33 സെന്റ് സ്ഥലം വിട്ടുതന്നിരുന്നു. ഭൂമി വിട്ടൊഴിയൽ നിയമമനുസരിച്ച് നെടുമങ്ങാട് ആർ.ഡി.ഒ.-യുടെ 12-01-2023-ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത സ്ഥലം റവന്യൂ പുറമ്പോക്കിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം റവന്യൂവിൽ നിലനിർത്തി കെ.എസ്.ഇ.ബി.-ക്ക് പാട്ടത്തിന് നൽകുന്നതിനായി റവന്യൂ കമ്മീഷണറേറ്റിൽനിന്ന് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെങ്കിലും ഊർജ്ജവകുപ്പിന്റെ അഭിപ്രായം ലഭിക്കാത്തതിനാൽ ഫയൽ റവന്യൂ വകുപ്പിൽ പെന്റിംഗിലാണ്. മൂന്ന് വർഷത്തിലധികമായി പ്രസ്തുത ഫയലിൽ യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. നാളിതുവരെയും ഉത്തരവായിട്ടുമില്ല. എത്രയുംവേഗം ഫയലിന്മേൽ

തീരുമാനമുണ്ടാക്കി ഉത്തരവ് പുറപ്പെടുവിച്ച് മീളൂർ സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പത്ത് വർഷത്തേയ്ക്കാണ് പാട്ടവ്യവസ്ഥ അനുവദിച്ചിരിക്കുന്നത്. അത് കുറച്ചുകൂടി നീട്ടിനൽകണമെന്ന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മീളൂരിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ഭരണാനുമതി ലഭ്യമാക്കൽ എന്നീ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ആർ.ഡി.എസ്.എസ്. പദ്ധതിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

16. നാദാപുരം, തൂണേരി, എടച്ചേരി പഞ്ചായത്തുകളിലെ വൈദ്യുതി ക്ഷാമം

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധ മേഖലകളിൽ വോൾട്ടേജ് കമ്മി വന്നിരിക്കുകയാണ്. പഴകി ദ്രവിച്ച വൈദ്യുതി കമ്പികളാണ് ഇതിന് കാരണമെന്നാണ് മനസ്സിലാകുന്നത്. ഇത്

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരിഹരിക്കാനായി നാദാപുരം-കല്ലാച്ചി ടൗണിലേയ്ക്ക് പുതിയ 11 കെ.വി. ഫീഡർ യു.ജി. കേബിൾ മുഖേന എത്തിക്കേണ്ടത് അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് മേഖലകളിലെ പ്രശ്നങ്ങളും പരിഹരിക്കാനും കഴിയും. നാദാപുരം, തൂണേരി, എടച്ചേരി എന്നീ സെക്ഷനുകളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന രീതിയിൽ അത് മാറ്റിയെടുക്കാനും കഴിയും. ഇത് പരിഹരിക്കാനുള്ള അടിയന്തര ശ്രമമുണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ദ്യുതി-2 പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്ന പ്രസ്തുത ഫീഡർ നിർമ്മാണ പ്രവൃത്തികളും ട്രാൻഫോമറുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തികളും ലോഡ് വർദ്ധനവ് ഉൾക്കൊള്ളുന്നതിന് പര്യാപ്തമായതിനാൽ പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. എന്നിരുന്നാലും വരും വർഷങ്ങളിൽ നിലവിൽ ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ പര്യാപ്തമല്ലാതെ വരുന്ന സാഹചര്യമുണ്ടായാൽ ദ്യുതി-2 പദ്ധതിയിൽ

ഉൾപ്പെടുത്തി പ്രവൃത്തികൾ നടത്താവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

17. കൊച്ചി-ധനുഷ്കോടി ദേശീയപാത 85-ന്റെ നവീകരണം

ശ്രീ. എ. രാജ: സർ, കൊച്ചി-ധനുഷ്കോടി ദേശീയപാത 85-ൽ നടന്നുവരുന്ന നവീകരണ പ്രവർത്തനത്തിന്റെ ഭാഗമായി റോഡിനാവശ്യമായ വീതി ഉറപ്പുവരുത്തുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്ന് സഹകരണം ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ. 1924-ൽ പ്രളയത്തിൽ തകർന്ന ആലുവ-മൂന്നാർ രാജപാത ഈ വർഷം ജൂലൈ 23 ആകുമ്പോൾ 100 വർഷം തികയുകയാണ്. ടി റോഡിന് പകരമായിട്ടാണ് മന്നാംകണ്ടം വില്ലേജിലൂടെ കൊച്ചി-ധനുഷ്കോടി രാജപാത യാഥാർത്ഥ്യമാക്കിയത്. ഇടുക്കി ജില്ലയിലേയ്ക്കും മൂന്നാർ അടക്കമുള്ള വിനോദ സഞ്ചാര മേഖലകളിലേയ്ക്കും കടന്നുപോകുന്ന പ്രധാന പാതയിൽ ദൈനംദിനം തിരക്ക് വർദ്ധിച്ചുവരികയാണ്. മണിക്കൂറുകളാണ് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത്. റോഡിന് ആവശ്യമായ വീതി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. 980 കോടി രൂപ ചെലവിലാണ് ടി റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. നേര്യമംഗലം

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

മുതൽ വാളറ വരെയുള്ള പതിനാലര കിലോമീറ്റർ റോഡ് തിരുവിതാംകൂർ രാജാവ് ചിത്തിര തിരുന്നാളിന്റെ വിളംബരത്തിലും മന്നാംകണ്ടം വില്ലേജിലെ റെക്കോർഡുകൾ അനുസരിച്ചും റോഡ് 30 മീറ്റർ വീതി ഉള്ളതായി രേഖകളിലുണ്ട്. പി.ഡബ്ല്യൂ.ഡി. രേഖകൾ അനുസരിച്ച് 1996-ൽ 14.5 കിലോമീറ്റർ ഭാഗത്ത് 30 മീറ്റർ വീതി ഉറപ്പാക്കേണ്ടതുണ്ടെന്ന് വനം വകുപ്പ് ചീഫ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം 28-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ഒരു ഉത്തരവും ലഭിച്ചിട്ടുണ്ട്. റോഡ് വീതി കൂട്ടലുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കരുതെന്നാണ് പ്രസ്തുത വിധിയിൽ സൂചിപ്പിച്ചിട്ടുള്ളത്. 1980-ലെ വന സംരക്ഷണ നിയമത്തിന് അനുസൃതമല്ലെന്നും കേന്ദ്രാനുമതി ആവശ്യമാണെന്നുമാണ് ടി വിഷയത്തിൽ വനം വകുപ്പിന്റെ നിലപാട്. കഴിഞ്ഞദിവസം ഈ സ്ഥലത്താണ് ഓടിക്കൊണ്ടിരുന്ന കാറിനുമുകളിൽ മരം കടപുഴകിവീണ് ഒരാൾ മരണപ്പെട്ടത്. ഇതേ വിഷയം ശ്രീ. ആന്റണി ജോൺ എം.എൽ.എ.യും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം വിവിധ എം.എൽ.എ.മാർ ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൊതുതാൽപര്യം മുൻനിർത്തിക്കൊണ്ട് റോഡിന്റെ വീതി കൂട്ടുന്നതിനാവശ്യമായ ഇടപെടൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നാണ് എന്റെ സബ്മിഷൻ.

ചെയർപേഴ്സൺ: പ്രസ്തുത വിഷയത്തിന്മേൽ ശ്രീ. ആന്റണി ജോൺ എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കൊച്ചി-ധനുഷ്കോടി ദേശീയപാത നിർമ്മാണം ഇപ്പോൾ വിപുലീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ റോഡിന്റെ പതിനഞ്ച് കിലോമീറ്റർ ദൂരം വനാതിർത്തിയിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ അതിനുള്ള അനുവാദം ദേശീയപാത അതോറിറ്റി കേന്ദ്രസർക്കാരിൽനിന്നും ഇതുവരെ വാങ്ങിയിട്ടില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ എം.എൽ.എ.-മാരായ ശ്രീ. ആന്റണി ജോണും ശ്രീ. എ. രാജയും ഉൾപ്പെടെയുള്ളവർ ഒരു കൂടിയാലോചനായോഗം നടത്തിയിരുന്നു. പൊതുമരാമത്ത് വിഭാഗവും വനവിഭാഗവും റവന്യൂ വിഭാഗവും ആ പ്രദേശത്തിന് അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. ആ അവകാശവാദം സംബന്ധിച്ച് ഒരു

ഉന്നതതലയോഗം വിളിച്ചുകൂട്ടി ഒരു ധാരണയിൽ എത്തുകയും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അപേക്ഷ നൽകുകയും ചെയ്താൽ കേരളം അനുകൂലമായ നിലപാട് സ്വീകരിക്കുമെന്ന് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

18. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം പരിഷ്കരിച്ചതിലൂടെ സാധാരണക്കാരായ ആളുകൾക്ക് വീട് വയ്ക്കാനുണ്ടായ പ്രയാസം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. മൂന്നുസെന്റിനു താഴെ ഭൂമിയിൽ വീട് വയ്ക്കുമ്പോൾ മുന്നിൽ രണ്ട് മീറ്ററും പിന്നിൽ ഒരു മീറ്ററും ഇരുവശങ്ങളിൽ അറുപത് സെന്റീമീറ്ററും വീതം വിടണമെന്നാണ് ഇപ്പോഴത്തെ ചട്ടം. എന്നാൽ ഇതിനുകഴിയാത്ത അനവധി കേസുകൾ നമ്മുടെ മുമ്പിലുണ്ട്. അവർക്ക് ഒരു ഇളവ് നൽകാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

രണ്ടാമതായി, ഗ്രാമീണരായ പാവപ്പെട്ട ആളുകൾ പരസഹായം കൊണ്ടാണ് വീട് വയ്ക്കുന്നത്. വീട് വയ്ക്കുമ്പോൾ നേരത്തെ 150 ചതുരശ്ര മീറ്റർ

വരെയുള്ള വീടിന് 555/- രൂപയാണ് ഫീസ് ഇനത്തിൽ നൽകേണ്ടിയിരുന്നത്. എന്നാൽ ഇപ്പോഴത് 1,000/- രൂപയും പെർമിറ്റ് ഫീസായി ചതുരശ്ര മീറ്ററിന് 50 രൂപ വീതം 7,500/- രൂപയുമായി വർദ്ധിച്ചു. ഇപ്പോൾ 555/- രൂപയ്ക്ക് പകരം 8,500/- രൂപ അടയ്ക്കേണ്ടതായിട്ടുണ്ട്. അത് മുനിസിപ്പാലിറ്റിയിലാണെങ്കിൽ 11,500/- -ഉം കോർപ്പറേഷനിലാണെങ്കിൽ 16,000/- രൂപയുമായി മാറിയിരിക്കുകയാണ്. പാവപ്പെട്ട ആളുകൾ കോർപ്പറേഷനിൽനിന്നും മുനിസിപ്പാലിറ്റിയിലേക്ക് മാറുമ്പോൾ വരുമാനം കൂടുന്നില്ല. പക്ഷേ അവരുടെ ജീവിത ചെലവ് കൂടുന്നുവെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അതുപോലെതന്നെ 1000 സ്ക്വയർഫീറ്റുള്ള വീടാണെങ്കിൽ മുപ്പതുവർഷത്തിനുള്ളിൽ റഗുലറൈസ് ചെയ്യാൻ 600/- രൂപ മതിയായിരുന്നത് ഇപ്പോൾ 15,600/- രൂപയായി വർദ്ധിച്ചിരിക്കുകയാണ്. പോരാത്തതിന് പത്തുലക്ഷം രൂപ ചെലവായിട്ടുണ്ടെങ്കിൽ ഒരു ശതമാനം സെസ്സ് തൊഴിലാളി ക്ഷേമനിധിയിലേക്കും കൊടുക്കേണ്ടിവരുന്നു. അങ്ങനെ ഇരുപതിനായിരം രൂപ വേറെയും വേണം. ഇതെല്ലാംകൂടിയുള്ള ഭാരം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഇത്

ലഘൂകരിച്ച് ആശ്വാസം കൊടുക്കാവുന്ന നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ടി വിഷയം മുമ്പും സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഒറ്റക്കാര്യം മാത്രമേയുള്ളൂ. കെട്ടിട നിർമ്മാണ സെസ്സ് സംസ്ഥാന സർക്കാർ പുതിയതായി ഏർപ്പെടുത്തിയതല്ല. 1995-ൽ പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ആ നിയമത്തിൽ മിനിമം ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തണമെന്നും പരമാവധി രണ്ടുശതമാനംവരെ ഏർപ്പെടുത്താമെന്നുമാണ്. കേരളം മിനിമം സെസ്സ് മാത്രമേ ഈടാക്കുന്നുള്ളൂ, കേന്ദ്ര നിയമമായതിനാൽ നമുക്ക് അത് ഈടാക്കാതിരിക്കാനാവില്ല. ആ നിയമത്തിൽ മാറ്റം വരുത്തേണ്ടത് പാർലമെന്റാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

19. <u>വൃക്ക മാറ്റൽ ശസ്ത്രക്രിയ നടത്തിയവർക്ക് മരുന്നുകൾ ലഭ്യമാക്കൽ</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വൃക്ക മാറ്റിവയ്ക്കപ്പെട്ടവരും ഡയാലിസിസ് ചെയ്യുന്നവരുമായ രോഗികൾക്ക് ജീവൻ നിലനിർത്തുന്നതിനുവേണ്ടി കഴിക്കുന്ന ബ്രാൻഡഡ് മരുന്നുകൾ വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പുണ്ടായിരുന്ന അനുവാദം പുനഃസ്ഥാപിച്ചുകിട്ടണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വൃക്ക മാറ്റിവയ്ക്കപ്പെട്ട ഒരു രോഗി ഓരോ മാസവും 15,000/- രൂപ മുതൽ 24,000/- രൂപവരെ ചെലവിടേണ്ടതുണ്ട്. ജീവിതകാലം മുഴുവൻ ഈ ചെലവുമായി അവർ മുന്നോട്ടുപോകണം. അതുകൊണ്ട് കുറഞ്ഞ നിരക്കിൽ അവർക്ക് മരുന്നുകൾ ലഭ്യമാക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരെ സഹായിക്കുന്നതിനായി ജനറിക് മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻവഴി വാങ്ങി നൽകുന്നതിന് മാത്രമാണ് ഇപ്പോൾ അനുവാദം നൽകിയിട്ടുള്ളത്. കോവിഡ് കാലത്ത് നീതി മെഡിക്കൽ സ്റ്റോറിൽനിന്നും ഈ സർക്കാർ മെഡിക്കൽ സ്റ്റോറിൽനിന്നും മറ്റുസർക്കാർ മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ആ അനുമതിയില്ല. ആ അനുമതി പുനഃസ്ഥാപിച്ചു നൽകണമെന്നാണ് വൃക്ക മാറ്റിവയ്ക്കപ്പെട്ട പാവപ്പെട്ട ഡയാലിസിസ് രോഗികൾക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. അവയവങ്ങൾ മാറ്റിവച്ച രോഗികൾക്കും മറ്റ് ഗുരുതര രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്കും മരുന്നിന്റെ ഘടനയിലെ നേരിയ വ്യത്യാസംപോലും അപകടമുണ്ടാക്കിയേക്കാമെന്ന അഭിപ്രായം ഡോക്ടർമാരിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിനാൽ ഗുരുതര രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്കും പാലിയേറ്റീവ് രോഗികൾക്കും ആവശ്യമായ ബ്രാൻഡഡ് മരുന്നുകൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ചികിത്സ പ്രദാനം ചെയ്യുന്ന ആശുപത്രികളിൽ വാങ്ങി നൽകുന്ന കാര്യം ആരോഗ്യവകുപ്പുമായി ചർച്ച ചെയ്തതിനുശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു+.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

20. രാമേശ്വരത്തെ ഫ്ലാറ്റ് നിർമ്മാണത്തിലെ അപാകത

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ ഗാന്ധിനഗർ പി&ടി കോളനിയിലെ വീടുകളിൽ കാലവർഷത്തെയും വേലിയേറ്റത്തെയുംതുടർന്ന് വെള്ളം കയറുന്നതുകൊണ്ട് അവിടെ താമസിക്കുന്ന 87 കുടുംബങ്ങൾക്കും ബയോ ടോയ്ലറ്റുകൾപോലും നിർമ്മിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. GCDA (Greater Cochin Development Authority)-യുടെ നേതൃത്വത്തിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളുണ്ടായി. പി.എം.എ.വൈ., സി.എസ്.ആർ., സി.എസ്.എം.എൽ., കൊച്ചി നഗരസഭ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ഏകദേശം പതിനെട്ട് കോടി രൂപ മുടക്കി GCDA-യുടെ നേതൃത്വത്തിൽ രാമേശ്വരം വില്ലേജിലെ എഴുപത് സെന്റ് സ്ഥലത്ത് 31-07-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയും 02-09-2023-ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയും പിന്നീട് ആറുമാസം കഴിഞ്ഞ് 2024-ൽ കോളനി നിവാസികളെ രാമേശ്വരം ഫ്ലാറ്റിലേക്ക് മാറ്റുകയുമുണ്ടായി. താമസം തുടങ്ങി പത്തുദിവസം കഴിഞ്ഞപ്പോഴേയ്ക്കും അവിടെ ദുരിതം തുടങ്ങി. കാരണം

പത്തുദിവസംകൊണ്ട് സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞു. കുടിവെള്ളവും ശുചിമുറി മാലിന്യവും ഇടകലർന്നതുമൂലം വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. വലിയ മഴ പെയ്യുമ്പോൾ ഭിത്തികളിലൂടെ വെള്ളം ഒലിച്ചിറങ്ങി താമസിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുവെന്നും ഇതിനെക്കാൾ സൗകര്യം പി&ടി കോളനിയിലെ കുടിൽ ആയിരുന്നുവെന്നുമാണ് കോളനി നിവാസികൾ പറയുന്നത്. GCDA-യ്ക്ക് നല്ല എഞ്ചിനീയറിംഗ് സംവിധാനമുണ്ട്. തൃശ്ശൂർ ജില്ലാ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഇതിന്റെ നിർമ്മാണ കരാർ എടുത്തിരുന്നത്. ഗുരുതരമായ വീഴ്ചയാണ് നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ളത്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എറണാകുളം നിയോജകമണ്ഡലത്തിലുള്ള പി&ടി കോളനി നിവാസികളെ പുനരധിവസിപ്പിച്ച രാമേശ്വരം വില്ലേജിലെ GCDA (Greater Cochin Development Authority) കെട്ടിടത്തിലെ അപാകതകൾ പ്രസ്തുത പദ്ധതിയിലെ സാങ്കേതിക അനുമതി നൽകിയ കമ്മിറ്റി

അംഗങ്ങൾ ഉൾപ്പെടെ GCDA ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും അവരുടെ നിർദ്ദേശപ്രകാരമുള്ള നിയമാനുസൃത നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ യൂണിറ്റുകളിലുള്ള അറ്റകുറ്റപ്പണികൾ കരാറുകാരായ TDLCCS (Thrissur District Labour Contract Co-operative Society)-ഉം ചെയ്തുവരുന്നുണ്ട്. നിലവിൽ എഴുപതു ശതമാനത്തോളം അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

21. പെരിങ്ങരയിലെ ജനസേവ റോഡിന്റെയും നിരണത്തെ ഇരതോട്-ആശാൻകുടി റോഡിന്റെയും പ്രവൃത്തി പൂർത്തീകരിക്കൽ

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിങ്ങര പഞ്ചായത്തിലെ ജനസേവ റോഡ്, നിരണം പഞ്ചായത്തിലെ ഇരതോട്-ആശാൻകുടി റോഡ്, കടപ്ര പഞ്ചായത്തിലെ പുളിക്കീഴ് റോഡ് എന്നിവ 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കാൻവേണ്ടി ഏറ്റെടുത്ത് പണി ആരംഭിച്ചെങ്കിലും പ്രവൃത്തി തീരെ മുന്നോട്ടുപോയില്ല. ഈ റോഡ് പണിയുടെയെല്ലാം കരാറുകാരൻ ഒരാളാണ്. കരാറുകാരൻ വർക്ക്

മുന്നോട്ടുകൊണ്ടുപോകാത്ത സാഹചര്യത്തിൽ അതിൽ ഇടപെട്ട് പ്രസ്തുത പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അദ്ദേഹം ഉന്നയിച്ചത് ജനസേവ റോഡിന്റെ കാര്യമാണ്. 2024 ആഗസ്റ്റ് മാസം 31-ാം തീയതിക്ക് മുമ്പായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് കരാറുകാരൻ രേഖാമൂലം ഉറപ്പുനൽകിയിട്ടുണ്ട്.

## 22. അടയ്ക്കാ കർഷകർ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നമ്മുടെ രാജ്യത്ത് കർണ്ണാടകം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കമുക് കൃഷി ചെയ്യുന്ന സംസ്ഥാനം കേരളമാണ്. ഏറ്റവും കൂടുതൽ അടയ്ക്കാ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനവും കേരളമാണ്. എന്നാൽ കേരളത്തിലെ ഇത്തരം കൃഷിക്കാർ ഇപ്പോൾ വലിയ ഭീഷണി നേരിടുകയാണ്. അടയ്ക്കാ വിപണിയിൽ കഴിഞ്ഞ കുറച്ചുകാലമായി മികച്ച വിലനിലവാരം

ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നമ്മുടെ അയൽരാജ്യങ്ങളിൽനിന്ന്, മ്യാന്മർ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്ന് അനധികൃതമായി അടയ്ക്ക ഇറക്കുമതിചെയ്യുന്നത് വ്യാപകമായിക്കൊണ്ടി രിക്കുകയാണ്. അതിനെത്തുടർന്ന് ഏറ്റവും വലിയ ഭീഷണി വിലനിലവാരത്തിന്റെ കാര്യത്തിൽ ഉൾപ്പെടെ കേരളത്തിലെ കർഷകർ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ കൃഷിക്കാരിൽ ഭൂരിപക്ഷം ആളുകളും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത് കാസർഗോഡ് ജില്ലയിലാണ്. മലബാർ മേഖലയിലും വ്യാപകമായി കമുക് കൃഷി ചെയ്യുന്നുണ്ട്. ഓല മഞ്ഞളിപ്പ്, മഹാളി, പൂങ്കുല കരിച്ചിൽ തുടങ്ങിയ രോഗങ്ങൾ വ്യാപകമാകുന്നുവെന്ന് കൃഷിക്കാർ സൂചിപ്പിക്കുന്നുണ്ട്. അതിവൃഷ്ടിയും വരൾച്ചമൂലവും വിളവിൽ കുറവ് നേരിട്ടതും ഈ മേഖലയുടെ പ്രശ്നങ്ങളാണ്. ആയതിനാൽ കേരളത്തിലെ ആയിരക്കണക്കിന് അടയ്ക്ക കർഷകരെ സഹായിക്കാൻ പ്രത്യേകമായ പദ്ധതികൾ കൊണ്ടുവരികയോ ഇറക്കുമതിയെ പ്രതിരോധിക്കാനുള്ള മാർഗ്ഗം കണ്ടെത്തുന്നതിനായി കേന്ദ്രഗവൺമെന്റിൽ ഇടപെടൽ നടത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വളരെ ഗൗരവതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ രാജ്യത്ത് അടയ്ക്ക ഉൽപ്പാദനത്തിൽ നമ്മുടെ സംസ്ഥാനം രണ്ടാം സ്ഥാനത്താണ്. ഇത്തരം പ്രശ്നങ്ങൾക്കുള്ള കാരണം അദ്ദേഹം പറഞ്ഞതുപോലെ ഇറക്കുമതി നയങ്ങൾ തന്നെയാണ്. ഇറക്കുമതി നയങ്ങൾ തിരുത്താൻ കേന്ദ്രസർക്കാർ തയാറാകാത്തത് അങ്ങേയറ്റം പ്രതിഷേധാത്മകമായ കാര്യമാണ്. കേരളത്തിലെ കമുക് കർഷകരെ ദോഷകരമായി ബാധിക്കുന്ന ഇത്തരം നയങ്ങളുമായാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. അനധികൃതമായ ഇറക്കുമതി മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. Directorate of Revenue Intelligence മുഖേന Central Board of Indirect Taxes and Customs ആണ് അനധികൃതമായ ഇറക്കുമതി കണ്ടെത്തി നടപടികൾ കൈക്കൊള്ളുന്ന ഏജൻസി. സംസ്ഥാന സർക്കാർ അവരോട് കടുത്ത നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മഞ്ഞളിപ്പ് രോഗമടക്കമുള്ള പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിന് പ്രത്യേകമായി സമിതിയെ നിയോഗിക്കുകയും അവർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

അക്കാര്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇൻഷുറൻസ് അടക്കമുള്ള സാധ്യമാകുന്ന സഹായങ്ങൾ കർഷകർക്കുവേണ്ടി നൽകാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് അറിയിക്കുകയാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു+

## 23. ഏലം കർഷകർ നേരിടുന്ന ദുരിതങ്ങൾ

ശ്രീ. വാഴൂർ സോമൻ: സർ, സംസ്ഥാനത്തെ ഏലം കർഷകർ ഏറെ ദുരിതം അനുഭവിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ വളൾച്ചാദുരിതമാണ് ഇടുക്കി ജില്ലയിലെ ഏലം കർഷകർ നേരിടുന്നത്. ഈ വർഷമുണ്ടായ വരൾച്ചയിൽ 80 ശതമാനം ഏലവും പൂർണ്ണമായും നശിച്ചുപോയെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വന്ന് നേരിട്ടുകണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിലവിൽ Cardamom Registration നടത്തിയവർക്ക് മാത്രമേ വിളനാശത്തിനുള്ള നഷ്ടപരിഹാരം സർക്കാരിൽനിന്ന് ലഭിക്കുകയുള്ളൂ. നിലവിലെ നിയമപ്രകാരം Cardamom Registration ചെയ്യാൻ ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലമുള്ളവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. യഥാർത്ഥത്തിൽ വൻകിട

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

തോട്ടമുടമകളെ സഹായിക്കാൻ മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. 80 ശതമാനത്തോളം കൃഷിനാശം സംഭവിച്ച ചെറുകിട ഏലം കർഷകർക്ക് സർക്കാരിൽനിന്നും ഒരു ആനുകൂല്യവും ലഭിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിലുള്ള സ്പൈസസ് ബോർഡിൽനിന്ന് യാതൊരു സഹായവും ചെറുകിട ഏലം കർഷകർക്ക് ലഭിക്കുന്നില്ലെന്നുള്ളതും വളരെ ഖേദകരമാണ്. പീരുമേട് ബ്ലോക്കിൽമാത്രം 3043 ഹെക്ടർ സ്ഥലത്തെ ഏലം കൃഷി പൂർണ്ണമായും നശിച്ചുപോയി. ഇവിടെ പുനർകൃഷി ചെയ്ത് വീണ്ടും ഏലം വിളവെടുക്കാൻ ഏകദേശം മൂന്ന് വർഷം കാത്തിരിക്കേണ്ടതുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് പുനർകൃഷി ചെയ്യുന്നതിന് ഒരു കർഷകന് ഒന്നാം വർഷം 5,15,600/- രൂപയും രണ്ടാം വർഷം 3,83,900/- രൂപയും ചെലവുവരും. എന്നാൽ സ്പൈസസ് ബോർഡിൽനിന്ന് യാതൊരു സഹായവും ഈ കർഷകർക്ക് ലഭിക്കുന്നില്ല. യഥാർത്ഥത്തിൽ സ്പൈസസ് ബോർഡ് കർഷകരെ സഹായിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെ നോക്കുകുത്തിയായിരിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ആയതിനാൽ ഏലം കർഷകരെ സഹായിക്കുന്നതിനായി സ്പൈസസ്

ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കേന്ദ്രസർക്കാരിനെ സമീപിക്കാനും പുനർകൃഷി ചെയ്യുന്ന കർഷകർക്ക് ഏലം തൈകൾ സർക്കാരിൽനിന്നും സൗജന്യമായി നൽകാനും Cardamom Registration പുതുക്കാനുള്ള തീയതി ദീർഘിപ്പിച്ചു നൽകാനും ജനകീയാസൂത്രണത്തിന്റെ പദ്ധതി മാർഗ്ഗരേഖയിൽ ചെറുകിട നാമമാത്ര ഏലം കർഷകർക്കും ജൈവവളം രാസവളം, നാടീൽ വസ്തുക്കൾ, മറ്റ് ഉത്പാദന ഉപാധികൾ, കൃഷിക്കുള്ള മറ്റ് സബ്സിഡികൾ എന്നിവ ലഭ്യമാക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ബഹുമാന്യനായ ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. അദ്ദേഹത്തിന്റെ മേഖലയുൾപ്പെടുന്ന ഇടുക്കിയിലുണ്ടായ വലിയ പ്രശ്നത്തെയാണ് ഈ സബ്മിഷനിലൂടെ ഉന്നയിച്ചത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ മുമ്പിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ചില നയങ്ങൾ സ്വീകരിക്കുന്നതാണ്. ഒരുപാട് ബോർഡുകളെ അപ്രസക്തമാക്കുന്ന തരത്തിലുള്ള നിലപാടുകളുണ്ട്. അതിന്റെ ഭാഗമായാണ് സ്പൈസസ് ബോർഡിന്റെയും പ്രശ്നമുള്ളത്. ഇക്കാര്യം

കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കേന്ദ്ര കൃഷിവകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് കാര്യങ്ങൾ ഉന്നയിക്കുന്നതിനായി സമയം ചോദിച്ചിട്ടുണ്ട്. ചെറുകിട കർഷകരുടെ കാര്യങ്ങളും സർക്കാർ വളരെ ഗൗരവമായി പരിശോധിച്ചു വരികയാണ്. സാധാരണ കർഷകരെക്കൂടി സഹായിക്കുന്ന രീതിയിൽ നടപടി സ്വീകരിക്കുന്നതായിരിക്കും. മാത്രമല്ല അങ്ങ് ചൂണ്ടിക്കാണിച്ച മറ്റ് കാര്യങ്ങളിലും ഇടപെടൽ നടത്തുന്നതായിരിക്കും. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

## 24. മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കെട്ടിടത്തിലെ കടമുറികളുടെ ലേലം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള 3 ഏക്കർ 26 സെന്റിലെ 2 ഏക്കർ 44 സെന്റ് സ്ഥലത്ത് 314000 സ്ക്വയർ ഫീറ്റ് വാണിജ്യ സമുച്ചയം കെ.ടി.ഡി.എഫ്.സി. സ്വന്തം ചെലവിൽ BOT (build-operate-transfer) കരാർപ്രകാരം നിർമ്മിക്കുകയുണ്ടായി. 2016-ൽ പണി പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടത്തിന്റെ അന്നത്തെ ചെലവ് 60 കോടി രൂപയായിരുന്നു. പലപല

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

സങ്കേതിക കരണങ്ങളാൽ ബിൽഡിംഗിന്റെ ലേല നടപടികൾ നീണ്ടുപോയി. 2 തവണ ലേലനടപടികൾക്കായി ശ്രമിച്ചെങ്കിലും സാധിച്ചില്ല. പിന്നീട് കോഴിക്കോട് ആസ്ഥാനമായ ആലിഫ് ബിൽഡേഴ്സ് എന്ന കമ്പനി ലേലം ഏറ്റെടുക്കുകയും 17 കോടി രൂപ തിരികെ ലഭിക്കാത്ത വ്യവസ്ഥയിൽ പ്രതിമാസം 48 ലക്ഷം രൂപ നൽകാമെന്ന് കരാറുണ്ടാക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം കെട്ടിടത്തിന് ബലക്ഷയമുള്ളതായി മദ്രാസ് ഐ.ഐ.റ്റി.-യുടെ റിപ്പോർട്ട് പുറത്തുവരികയും ഇത് പരിഹരിക്കാൻ 30 കോടി രൂപ ചെലവ് വരുമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ മൂത്രപ്പുര, പേ & പാർക്ക്, ഒന്നാം നിലയിലെ ഹോട്ടലിൽനിന്നുള്ള വരുമാനം എന്നിവ കരാർ ഏറ്റെടുത്ത ആലിഫ് ബിൽഡേഴ്സ് എന്ന കമ്പനിയാണ് കൈകാര്യം ചെയ്യുന്നത്. രണ്ട് വർഷങ്ങൾക്കുമുമ്പ് അന്നത്തെ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ആന്റണി രാജുവും ഞാനും ചേർന്നുകൊണ്ട് നടപടി സ്വീകരിച്ചിരുന്നെങ്കിലും നിർഭാഗ്യവശാൽ ഒന്നും നടന്നില്ല. കെ.എസ്.ആർ.ടി.സി-ക്ക് ഒരുപാട് ബാധ്യതകളുള്ള, ഗവൺമെന്റിന് ഓട്ടേറെ ചെലവുകളുള്ള ഒരു സ്ഥാപനം പല കാരണങ്ങളാൽ 8 വർഷമായി ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലൂടെ

പോയിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പട്ട മന്ത്രി അടിയന്തരമായി അതിൽ ഇടപെടണം. മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ഒരു മീറ്റിംഗ് വിളിച്ചിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിയന്തരമായി ഇത് പരിഹരിച്ച് പ്രസ്തുത സമുച്ചയം ആർക്കെങ്കിലും നൽകി നല്ല വരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, ബഹുമാനപ്പെട്ട ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ പറഞ്ഞ എല്ലാ കാര്യങ്ങളും നൂറ് ശതമാനവും ശരിയാണ്. അതിന്റെ ബാക്കി മാത്രമേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ യോഗം വിളിച്ചിരുന്നു. കെ.എസ്.ആർ.ടി.സി-ക്കും നാടിനും നാണക്കേടായി നിൽക്കുന്ന വലിയ കെട്ടിടം, ആ കാഴ്ച ഒഴിവാക്കണമെന്ന നിലയിൽ യോഗം വിളിച്ചു. എഗ്രിമെന്റ് പ്രകാരം ആലിഫ് ബിൽഡേഴ്സാണ് ഇതിന്റെ പോരായ്മകളെല്ലാം തീർക്കേണ്ടത്. അത്തരത്തിലാണ് എഗ്രിമെന്റ് എഴുതിയിരിക്കുന്നത്. അതിൽ മാറ്റം വരുത്താൻ സാധിക്കില്ല. ആ എഗ്രിമെന്റിൽ ആലിഫ് ബിൽഡേഴ്സ് എന്ത് പ്രശ്നമുണ്ടെങ്കിലും പരിഹരിക്കുമെന്ന് പറയുന്നുണ്ട്. ആലിഫ് ബിൽഡേഴ്സ് വാടക വാങ്ങുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.-ക്കും കെ.റ്റി.ഡി.എഫ്.സി.-ക്കും

ഒരു പൈസപോലും നൽകുന്നില്ലെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇനിയും അങ്ങനെ മുന്നോട്ടുപോകാൻ സാധിക്കില്ല. മദ്രാസ് ഐ.ഐ.റ്റി. കെട്ടിടത്തിന് ബലക്ഷയമുണ്ടെന്ന് പറഞ്ഞെങ്കിലും ഗവൺമെന്റിനുവേണ്ടി ചീഫ് ടെക്നിക്കൽ എക്സാമിനർ വീണ്ടും പരിശോധിച്ചു. അദ്ദേഹത്തിന്റെ ശിപാർശ ഇത്രയും വലിയ തുകയല്ല, ഒരു നല്ല Technical, Structural Engineer-ന്റെ കൺസൾട്ടൻസിയോടുകൂടി ഗവൺമെന്റ് അംഗീകരിക്കുന്ന ടീമിനെവച്ച് പരിശോധിച്ച് ആലിഫ് ബിൽഡേഴ്സ്തന്നെ പണം മുടക്കി നിർമ്മിക്കുകയെന്നതാണ്. അത് സംസാരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആ സംഭാഷണം വിജയകരമായില്ലെങ്കിൽ അടുത്ത നടപടികൾ സ്വീകരിക്കുന്നതാണ്.

## 25. <u>പത്തനംതിട്ടയിലെ വിവിധ ഭാഗങ്ങളിൽനിന്നും പുനലൂർ, പത്തനാപുരം ഭാഗങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവീസുകൾ</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കോന്നി മെഡിക്കൽ കോളേജിന് സംസ്ഥാന സർക്കാർ കിഫ്ബിയിൽനിന്ന് 352 കോടി രൂപ അനുവദിച്ച് നല്ലരീതിയിൽ മുന്നോട്ടുപോകുകയാണ്. മെഡിക്കൽ കമ്മീഷന്റെ അംഗീകാരം വാങ്ങിയെടുത്തു, ഒ.പി.-യും ഐ.പി.-യും കാഷ്വാലിറ്റിയുമെല്ലാം ആരംഭിച്ചു.

ആയിരക്കണക്കിന് രോഗികളും കൂട്ടിരിപ്പുകാരും ജീവനക്കാരുമാണ് എല്ലാ ദിവസവും കോന്നി മെഡിക്കൽ കോളേജിലേക്ക് എത്തുന്നത്. ഇവിടേയ്ക്ക് മതിയായ യാത്ര സൗകര്യത്തിന്റെ അഭാവമുണ്ട്. കെ.എസ്.ആർ.ടി.സി. കുറേ സർവീസുകൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും പര്യാപ്തമാകുന്നില്ല. പത്തനംതിട്ടയിൽനിന്ന് കോന്നി വഴി പത്തനംപുരം കലഞ്ഞൂർ ഭാഗത്തേയ്ക്കും പുനലൂർ ഭാഗത്തേയ്ക്കും അതോടൊപ്പം മലയോര മേഖലയുൾപ്പെടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും കൂടുതൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ കോന്നി മെഡിക്കൽ കോളേജിലേക്കും കോന്നിയിലേക്കും അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കോന്നിയിൽ മെഡിക്കൽ കോളേജ് വന്നതോടുകൂടി ധാരാളം യാത്രക്കാർ വന്നു. അതുപ്രമാണിച്ച് കെ.എസ്.ആർ.ടി.സി. കോന്നിയിൽനിന്നും പത്തനംതിട്ടയിൽനിന്നുമെല്ലാം സർവീസ് തുടങ്ങിയതാണ്. അതിന്റെ earnings per kilometre എന്ന് പറയുന്നത് 14.42 രൂപയാണ്. ഡീസലിന്റെ തുകപോലും ലഭിക്കാത്ത സ്ഥിതിയാണ്. അത് സർവീസിന്റെ കുഴപ്പംകൊണ്ടല്ല. ചില

ദിവസങ്ങളിൽ earnings per kilometre 64 രൂപ ലഭിക്കാറുണ്ട്. മെഡിക്കൽ കോളേജ് വന്നതോടുകൂടി പത്തനംതിട്ടയിൽനിന്നും മറ്റും സ്റ്റേജ് കാരിയർ, പ്രൈവറ്റ് ബസുകൾ അവിടേയ്ക്ക് വരികയാണ്. അതിന് പരിഹാരം കാണുന്നതിനായി അവരവരുടെ മണ്ഡലത്തിലെ റൂട്ട് formulate ചെയ്യുന്നതിന് എം.എൽ.എ.-മാർക്ക് കത്ത് നൽകിയിട്ടുണ്ട്. റൂട്ട് formulate ചെയ്തുകഴിഞ്ഞാൽ നമുക്ക് വാഹനങ്ങളെയും എണ്ണത്തെയും നിയന്ത്രിക്കാൻ സാധിക്കും. അപ്പോൾ പ്രൈവറ്റ് ബസ്സുകളും കെ.എസ്.ആർ.ടി.സി. ബസ്സുകളും തമ്മിൽ മത്സരയോട്ടങ്ങളില്ലാതെ മുന്നോട്ടുപോകാൻ സാധിക്കും. എം.എൽ.എ.-ക്കുതന്നെ അതിൽ മുൻകൈയെടുത്ത് മെഡിക്കൽ കോളേജിൽക്കൂടി ടച്ച്ചെയ്തുപോകുന്ന രീതിയിൽ റൂട്ട് formulate ചെയ്യാനുള്ള ചുമതലയുണ്ട്. അതിന് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

26. പൂന്തുറ പ്രദേശത്ത് ജിയോ ട്യൂബ് സ്ഥാപിക്കൽ

ശ്രീ. ആന്റണി രാജു: സർ, തിരുവനന്തപുരം നഗരത്തിന്റെ തീരപ്രദേശമായ പൂന്തുറ, ബീമാപ്പള്ളി, ചെറിയതുറ, വലിയതുറ, തോപ്പ്, ശംഖുമുഖം, കണ്ണാന്തുറ, വെട്ടുകാട്, വേളി പ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണ

ഭീക്ഷണി നേരിടുകയാണ്. ജിയോ ട്യൂബ് ഉപയോഗിച്ച് offshore breakwater പദ്ധതിക്ക് കിഫ്ബി 150 കോടി രൂപയുടെ അംഗീകാരം നൽകി. തീരദേശ വികസന കോർപ്പറേഷനെയാണ് എസ്.പി.വി.-യായി തീരുമാനിച്ചിരുന്നത്. പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ പൂന്തുറയിൽ 700 മീറ്ററിന് 19.57 കോടി രൂപയുടെ അംഗീകരവും നൽകി. 2022 ഫെബ്രുവരിയിൽ പൂന്തുറയിൽ നിർമ്മാണം ആരംഭിച്ചു. ദേശീയ ഏജൻസികളായ NIOT, IIT എന്നിവയുടെ മേൽനോട്ടത്തിൽ ഒമ്പത് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് പദ്ധതി ആവിഷ്കരിച്ചത്. രണ്ടര വർഷം പിന്നിട്ടിട്ടും മൂന്നിലൊന്നുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ പോയാൽ 5 വർഷം കഴിഞ്ഞാലും പദ്ധതി പൂർത്തിയാക്കാൻ കഴിയില്ല. പൂന്തുറ മുതൽ വേളി വരെ സംരക്ഷിക്കേണ്ട പദ്ധതി പൂന്തുറയിൽ ആരംഭിച്ച് ജിയോ ട്യൂബ് പൈലറ്റ് പ്രോജക്റ്റ് പ്രത്യേക ശ്രദ്ധ പതിപ്പിച്ച് അടിയന്തരമായി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

## 27. അഴീക്കോട് ഫിഷ് ലാൻഡിംഗ് സെന്റർ പുനർ നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, എറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് മേഖലയിൽ ഏകദേശം 4500 മത്സ്യത്തൊഴിലാളികളും ആയിരത്തോളം അനുബന്ധ തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ അധീനതയിൽ സ്ഥിതി ചെയ്യുന്ന നിലവിലെ ഫിഷ് ലാൻഡിംഗ് സെന്ററിൽ സ്ഥല പരിമിതിമൂലം ചില സന്ദർഭങ്ങളിൽ മത്സ്യം ഫ്രീസ് ചെയ്യാൻ സാധിക്കാത്തതിനാൽ തർക്കങ്ങളും വാക്കേറ്റങ്ങളും ചിലപ്പോൾ അപകടങ്ങളുംവരെ സംഭവിക്കാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 2008-ൽ പുതിയ അഴീക്കോട് ഫിഷ് ലാൻഡിംഗ് സെന്ററിനായി ഭരണാനുമതി ലഭിക്കുകയും ആ പദ്ധതി 2009-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന വേളയിൽ സൗരാഷ്ട്ര സിമന്റ് കമ്പനിയുടെ സ്ഥലത്തിന്റെ വാട്ടർ ഫ്രണ്ടേജ് 50 ശതമാനത്തോളം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

നഷ്ടപ്പെടുമെന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങിയതിനെത്തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കുകയുണ്ടായി. ആ ഉത്തരവിനെതിരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇടപെടുകയും ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് തള്ളിക്കൊണ്ട് വിധി പ്രസ്താവിക്കുകയും ചെയ്തു. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഹാർബർ കഴിഞ്ഞാൽ പിന്നുള്ള ഏക ആശ്രയമാണ് അഴിക്കോട് ഫിഷ് ലാൻഡിംഗ് സെന്റർ. അഴിമുഖത്തിന് ആഴം കൂടുതലുള്ളതിനാലും ഇരുകരകളിലെയും പുലിമുട്ടുകൾ സ്ട്രോംഗ് ആയതിനാലും പണി തുടങ്ങിയാൽ ചെലവുകൾ കുറവായിരിക്കും. ഇത്രയും അനുകൂല സാഹചര്യമുണ്ടായിട്ടുപോലും ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണം പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. ഗുണനിലവാരത്തോടെ മത്സ്യം ലേലം ചെയ്യുന്നതിനും മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനും വേണ്ടി പ്രത്യേക പരിഗണന നൽകി മത്സ്യമേഖലയിലെ ദീർഘ കാലത്തെ ആവശ്യമായ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണം പുനരാരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

28. വള്ളിക്കുന്നിൽ ആർട്സ് & സയൻസ് കോളേജ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഒരു ആർട്സ്&സയൻസ് കോളേജ് അനുവദിക്കണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. സഭയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ഇതേ സബ്മിഷൻ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലയിലെ 16 അസംബ്ലി മണ്ഡലങ്ങളിൽ ഹയർ സെക്കൻഡറിക്ക് എല്ലാ വിഷയങ്ങളിലും ഏറ്റവും കൂടുതൽ എ പ്ലസ് നേടുന്ന കുട്ടികളുള്ള ഒരു മണ്ഡലമാണ് വള്ളിക്കുന്ന്. ഇവിടെ ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യങ്ങളുമില്ല. കോഴിക്കോട് സർവകലാശാല ഈ നിയമസഭാ മണ്ഡലത്തിലാണെങ്കിൽപ്പോലും ഒരു ആർട്സ് & സയൻസ് കോളേജ് എന്റെ നിയോജകമണ്ഡലത്തിലില്ല. മറ്റുള്ള എല്ലാ നിയോജക മണ്ഡലങ്ങളിലും ആർട്സ് & സയൻസ് കോളേജുകളുണ്ട്. ഇതിനായി 5 ഏക്കർ സ്ഥലം ആവശ്യപ്പെടുകയും യൂണിവേഴ്സിറ്റിയുടെ

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ഭാഗത്തുനിന്നും ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തെങ്കിലും പരാജയപ്പെട്ടു. എന്നാൽ ഇപ്പോൾ വള്ളിക്കുന്ന് പഞ്ചായത്ത്, കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുകയും ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് വൈകാതെതന്നെ ഉന്നതപഠനം ആഗ്രഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ ആശങ്ക പരിഹരിക്കുന്നതിനുവേണ്ടിയുള്ള ന്യൂ ജെൻ കോഴ്സുകളോടുകൂടിയ ഒരു ആർട്സ് & സയൻസ് കോളേജ് അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് വേണമെന്ന ആവശ്യം ഇതിനുമുമ്പും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സർക്കാർ ഭൂമിയോ പുറമ്പോക്കുഭൂമിയോ നിലവിൽ ലഭ്യമല്ല. കോഴിക്കോട് സർവകലാശാലയുടെ ഭൂമി ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചിരിന്നുവെങ്കിലും അനുകൂലമായ തീരുമാനം സർവകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അനുയോജ്യമായ ഭൂമി

ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്ന സന്ദർഭത്തിൽ ഈ വിഷയം പരിശോധിക്കാവുന്നതാണ്.

29. കോളേജ് കാമ്പസുകളിലെ രാഷ്ട്രീയ പ്രവർത്തനം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കേരളത്തിലെ സർവകലാശാലകളും കോളേജ് കാമ്പസുകളും ഉയർന്ന ജനാധിപത്യമൂല്യവും ഉന്നതപഠനനിലവാരവും പുലർത്തിവരികയാണ്. സമീപകാലത്ത് കാര്യവട്ടം കാമ്പസിൽ കെ.എസ്.യു. പ്രവർത്തകർ നടത്തിയ അതിക്രമം, കണ്ണൂർ സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കെ.എസ്.യു.-എം.എസ്.എഫ്. നടത്തിയ ആക്രമണം, കൊയിലാണ്ടി ഗുരുദേവ കോളേജിൽ ജനാധിപത്യപ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന അധികൃതരുടെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ജനാധിപത്യപരമായി പ്രവർത്തിക്കുന്ന എസ്.എഫ്.ഐ.-യ്ക്ക് എതിരെ മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നതോടൊപ്പം കേരളത്തിലെ ഉന്നത നിലവാരമുള്ള കാമ്പസുകളെ

ലോകസമൂഹത്തിന് മുമ്പിൽ ഇകഴ്ത്തിക്കാണിക്കുകയും ചെയ്യുന്നതാണ്. ഇതിന്റെ നിജസ്ഥിതി അറിയിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സമീപകാലത്ത് കേരള സർവകലാശാല കാര്യവട്ടം കാമ്പസിലും കൊയിലാണ്ടി ഗുരുദേവ കോളേജിലും നടന്ന സംഘർഷങ്ങൾ സർക്കാർ ഗൗരവമായി എടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും നടപടികളുമൊക്കെ വേണ്ടവിധത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഈ സന്ദർഭത്തിൽ ഒരു സംഘടനയെ മാത്രം ഒറ്റതിരിച്ച് ആക്രമിച്ചുകൊണ്ട് അവർ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ നൽകിയിട്ടുള്ള സംഭാവനകളെ തമസ്കരിച്ചുകൊണ്ടുനടത്തുന്ന പ്രചരണങ്ങളോട് യോജിപ്പില്ല. പൊതുവെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന നിലയിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്.

30. പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ യു.പി. ക്ലാസ്സുകൾ ആരംഭിക്കൽ

ശ്രീ. പി. ടി. എ. റഹീം: സർ, വയനാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന യു.പി. വിഭാഗമില്ലാത്ത എല്ലാ ഹൈസ്കൂളുകളിലും യു.പി. വിഭാഗം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതായി ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ യു.പി. വിഭാഗമില്ല, ഈ പ്രദേശത്ത് എൽ.പി. സ്കൂളുകൾ മാത്രമാണുള്ളത്. മേൽ സാഹചര്യത്തിൽ പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ യു.പി. ക്ലാസ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വയനാട് ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും സ്കൂളുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ധാരാളമായുള്ള പ്രദേശത്താണ് 4 സ്കൂളുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട കാര്യം വളരെ ഗൗരവമായി

പരിഗണിക്കാം. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലനിൽക്കുന്നുണ്ട്. ഇതുകൂടി പരിഗണിച്ചുകൊണ്ട് അംഗത്തിന്റെ ആവശ്യം ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുക്കുന്ന അവസരത്തിൽ പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യാം.

## 31. 5 മുതൽ 10 വരെ ക്ലാസ്സുകളുള്ള സ്കൂളുകളിൽ കായികാധ്യാപകന്റെ സേവനം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്ത് 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ആരോഗ്യ-കായിക വിദ്യാഭ്യാസം നിർബന്ധിത പഠന വിഷയമാക്കി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം സ്കൂളുകളിലും കായികാധ്യാപകർ നിലവിലില്ല. 8, 9 ക്ലാസ്സുകളിൽ കുറഞ്ഞത് 5 ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമാണ് കായികാധ്യാപക തസ്തിക സൃഷ്ടിച്ചിരുന്നത്. എന്നാൽ, പുതിയ പാഠ്യപദ്ധതിപ്രകാരം 5 മുതൽ 7 വരെ ക്ലാസ്സുകളുള്ള അപ്പർ പ്രൈമറി സ്കൂളുകളിലും കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉള്ളതിനാൽ കായികാധ്യാപകന്റെ സേവനം ആവശ്യമാണ്. ആയതിനാൽ 5 മുതൽ 10 വരെ ക്ലാസുകൾ നിലവിലുള്ള മുഴുവൻ സ്കൂളുകളിലും

കായികാധ്യാപകന്റെ സേവനം ലഭ്യമാക്കുന്നതിനും ആരോഗ്യ-കായിക വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കായിക വിദ്യാഭ്യാസം എല്ലാ വിദ്യാലയങ്ങളിലും കാര്യമായി നടത്തണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കായിക വിദ്യാഭ്യാസത്തിൽ വളരെ കുറവുണ്ടായിട്ടുണ്ട്. പി.എസ്.സി. മുഖാന്തരം പുതുതായി കായികാധ്യാപകരെ നിയമിക്കുന്നില്ല. ഇക്കാര്യത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ കായികാധ്യാപകരെ നിയമിക്കാൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കാം. ഇക്കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

## 32. ഐ.ടി.ഐ.-കളിൽ പുതുതലമുറ കോഴ്സുകൾ

ശ്രീ. ചാണ്ടി ഉമ്മൻ: സർ, കേരളത്തിലെ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകളുടെ അഭാവം നേരിടുന്നുണ്ട്. പുതിയ ട്രേഡുകൾ അനുവദിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത വഹിക്കാൻ സർക്കാർ

തയ്യാറല്ല. ഒരു ട്രേഡ് പുതുതായി വരുമ്പോൾ രണ്ട് യൂണിറ്റുകൾ ആരംഭിക്കേണ്ടതായും രണ്ട് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കേണ്ടതായും വരും. നിലവിലെ സാഹചര്യത്തിൽ ഈ ബാധ്യത ഏറ്റെടുക്കാൻ സർക്കാർ തയ്യാറല്ല. സംസ്ഥാനത്തെ പല ഐ.ടി.ഐ.-കളിൽനിന്നും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തികമില്ലെന്ന കാരണത്താൽ സർക്കാർ പുതിയ ട്രേഡുകൾ ആരംഭിക്കുന്നില്ല. സമാനമായ കോഴ്സുകൾ പഠിക്കാനുള്ള സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലുണ്ട്. രാവിലെ സംസാരിച്ച സമാന വിഷയമായ കൊഴിഞ്ഞുപോക്ക് ഇവിടെയും സംഭവിക്കുന്നു. ഇവിടെ പഠിക്കാനുള്ള അവസരമില്ലാത്തതിനാൽ കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുകയാണ്. സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.-കളുടെ സ്ഥിതിയും വ്യത്യസ്തമല്ല. എന്റെ മണ്ഡലത്തിലെ മണർകാട് സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ.-യിൽ ഡ്രോൺ ടെക്നീഷ്യൻ, ഡ്രോൺ പൈലറ്റ്, മെക്കാനിക്ക് ഇലക്ട്രിക് വെഹിക്കിൾ, ജെറിയാട്രിക് കെയർ (Geriatric Care) എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് ആറ് മാസം മുമ്പ് സർക്കാരിനോട് എൻ.ഒ.സി. ആവശ്യപ്പെട്ടെങ്കിലും ഇതുവരെ

നൽകിയിട്ടില്ല. DGT (Directorate General of Training) അപേക്ഷ ക്ഷണിച്ചാൽ സർക്കാരിന്റെ എൻ.ഒ.സി. നിർബന്ധമാണ്. 15 മുതൽ 29 വയസ്സുവരെ പ്രായമുള്ളവർ ഏറ്റവുമധികം തൊഴിലില്ലായ്മ നേരിടുന്ന സംസ്ഥാനം ഇന്ത്യയിൽ കേരളമാണെന്ന് Ministry of Statistics and Programme Implementation അടുത്ത കാലത്തുനടത്തിയ സർവേയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയത്തിൽ ഒരു തീരുമാനമെടുത്തില്ലെങ്കിൽ സ്ഥിതി ആശങ്കാജനകമാകും. ഈ ഒരു സാഹചര്യത്തിലാണ് നമ്മുടെ ക്യാമ്പസുകളെ അക്രമത്തിന്റെ പാതയിലേക്ക് നയിക്കാൻ എസ്.എഫ്.ഐ. അടക്കമുള്ള സംഘടനകൾ ശ്രമിക്കുന്നത്. അത് ശരിയല്ല, (.....ബഹളം.....) അതുകൊണ്ടാണ് കാര്യവട്ടം അടക്കമുള്ള ക്യാമ്പസുകളിൽ ഇത്തരത്തിലുള്ള പ്രശ്നമുണ്ടായതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

## 33. പരിമണം ഗവ. എൽ.പി. സ്കൂളിൽ 1, 2 ക്ലാസ്സുകൾ അനുവദിക്കൽ

ഡോ. സുജിത് വിജയൻപിള്ള: സർ, ചവറ മണ്ഡലത്തിലെ നീണ്ടകര പഞ്ചായത്തിൽ പരിമണം ഗവൺമെന്റ് എൽ.പി. സ്കൂളിൽ 1, 2 ക്ലാസ്സുകളില്ല, 3, 4, 5 എന്നീ ക്ലാസ്സുകളാണ് നിലവിലുള്ളത്. സ്കൂളിന് എതിർവശമുള്ള ലക്ഷ്മീവിലാസം എൽ.പി. സ്കൂളിൽ 1, 2 ക്ലാസ്സുകളുണ്ടായിരുന്നു. എന്നാൽ, അവിടെ വിദ്യാർത്ഥികളില്ലാതിരുന്നതിനാൽ ഉണ്ടായിരുന്ന ഏക അധ്യാപികയ്ക്ക് പ്രൊട്ടക്ഷൻ പ്രകാരം മറ്റൊരു സ്കൂളിലേക്ക് നിയമനം ലഭിച്ചു. തീരദേശമേഖലയിലുള്ള ഈ സ്കൂളിൽ നിലവിൽ പി.ടി.എ.-യുടെയും ജനങ്ങളുടെയും സഹായത്തോടെയാണ് പ്രീ-സ്കൂളും 1, 2 എന്നീ ക്ലാസ്സുകളും നടത്തിവരുന്നത്. സ്കൂൾ തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്തവിധത്തിലുള്ള സാമ്പത്തിക ഞെരുക്കത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. അതിനാൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പരിമണം ഗവ. എൽ.പി.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്കൂളിൽ 1, 2 ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പതുപോലെ ഇതൊരു തീരദേശമേഖലയാണ്, മത്സ്യത്തൊഴിലാളികളാണ് ഏറ്റവും കൂടുതൽ അവിടെ തിങ്ങിപ്പാർക്കുന്നത്. പരിമണം ഗവ. എൽ.പി. സ്കൂളിൽ 1, 2 ക്ലാസ്സുകൾ നിലവിലില്ല, അതിന്റെ പ്രയാസങ്ങൾ അംഗം സൂചിപ്പിക്കുകയും ചെയ്തു. പരിമണം ഗവ. എൽ.പി. സ്കൂളിൽ 1, 2 എന്നീ ക്ലാസ്സുകൾ ആരംഭിക്കുന്ന വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

34. പൊന്നാനിയിലെ ടൂറിസം സാധ്യതകൾ

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ് പൊന്നാനി. നിളയോര പാതയുടെ നിർമ്മാണം പൂർത്തീകരിച്ചതോടെ ആയിരക്കണക്കിന് ആഭ്യന്തര ടൂറിസ്റ്റുകളാണ് അവിടെ വന്നുകൊണ്ടിരിക്കുന്നത്. പൊന്നാനിയിൽ ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നിരവധി പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

അതിലേറ്റവും സുപ്രധാനമായതാണ് നിള ഹെറിറ്റേജ് മ്യൂസിയം. പൊന്നാനിയിലെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് കൂടുതൽ ജനങ്ങളെ ആകർഷിക്കുംവിധം നിള ഹെറിറ്റേജ് മ്യൂസിയവും മറൈൻ മ്യൂസിയവുംകൂടി ഉൾപ്പെടുത്തി ലോകോത്തര പദ്ധതി വേണമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വകാര്യപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാൻ സംരംഭകരെ കണ്ടെത്താൻ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുകയും നിരവധി പദ്ധതി നിർദേശങ്ങൾ വരികയും ചെയ്തിരുന്നു. ടൂറിസ്റ്റ് വകുപ്പ് പദ്ധതി തത്വത്തിൽ അംഗീകരിച്ചുവെങ്കിലും തുടർനടപടി ഉണ്ടായിട്ടില്ല. ഇത് സംരംഭകരെ പിന്നോട്ടടുപ്പിക്കുന്നതിന് കാരണമാകും. അംഗീകരിക്കപ്പെട്ട പദ്ധതി നടപ്പിലാക്കാൻ ഉടൻ ഇടപെടണം. ഇതിനുപുറമെ പൂർത്തീകരിക്കാതെ കിടക്കുന്ന ബിയ്യം കായൽ ടൂറിസം പദ്ധതി, കർമ റോഡ് ബ്യൂട്ടിഫിക്കേഷൻ, ബിയ്യം കനാൽ പദ്ധതി രണ്ടാംഘട്ടം, ലിറ്ററി സർക്യൂട്ട് പദ്ധതി എന്നിവയ്ക്കുപുറമെ പൊന്നാനിയിൽ സർക്കാർ പ്രഖ്യാപിച്ച മറ്റ് ബന്ധപ്പെട്ട പദ്ധതികളും നടപ്പിലാക്കാൻ സത്വരനടപടി കൈക്കൊള്ളണമെന്നാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.[+]

35. തൃപ്രയാർ പാലം നിർമ്മാണം

ശ്രീ. സി. സി. മുകുന്ദൻ: സർ, എന്റെ നിയോജകമണ്ഡലമായ നാട്ടികയിലെ തൃപ്രയാർ പാലത്തിന്റെ നിർമ്മാണപ്രവൃത്തി വേഗത്തിലാക്കണമെന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. 2016-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണിത്. തൃപ്രയാർ പാലം നിർമ്മാണം വേഗത്തിലാക്കുവാൻ ആവശ്യമായ CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.[+]

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

36. <u>വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ്</u>

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ 24 വില്ലേജുകളിലായി 288 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി മാർക്ക് ചെയ്തിട്ടുണ്ട്. 45 മീറ്റർ വീതിയിലാണ് നിലവിൽ മാർക്ക് ചെയ്തിരിക്കുന്നത്. വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്കൊപ്പം സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികളും സ്കൂളുകളും വരെ ഇതിലുൾപ്പെടുന്നു. ഇനിയും 15 മീറ്റർ കൂടി വീതി എടുക്കുമെന്ന പ്രചരണം ആശങ്കയുണ്ടാക്കുന്നുണ്ട്. ഇത് സമീപത്തെ ഭൂമിയിൽ വീടുനിർമ്മിക്കാൻ ഉദ്ദേശിക്കുന്നവരെ ആശയക്കുഴപ്പത്തിലാക്കും. വീട് നഷ്ടപ്പെടുന്നവർ പലരും പുതിയ വീടിനും സ്ഥലത്തിനുംവേണ്ടി അഡ്വാൻസ് നൽകിയിരിക്കുന്നു. അവരും ആശങ്കയിലാണ്. ഈ സാഹചര്യത്തിൽ പദ്ധതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് വ്യക്തമാക്കേണ്ടതിന്റെ പ്രാധാന്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

37. പട്ടാമ്പിയിലെ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള വല്ലപ്പുഴ-കൊട്ടുമുണ്ട-മപ്പാട്ടുകര റെയിൽവേ അണ്ടർ ബ്രിഡ്ജ്, വല്ലപ്പുഴ-കൊട്ടുമുണ്ട റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണപ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. നിലവിൽ ആരംഭിച്ചിട്ടുള്ള വാടനാംകുറുശ്ശി മേൽപ്പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണെങ്കിലും പ്രവൃത്തി മെല്ലെയാണ് നടക്കുന്നത്. അതിനോട് ചേർന്നുള്ള മെയിൻ റോഡ് ഭാവിയിൽ അപ്രോച്ച് റോഡായി മാറും. എന്നാൽ വലിയ കുഴികൾ രൂപപ്പെട്ട് യാത്രക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. അടിയന്തരമായി റോഡിന്റെ വശങ്ങളിലെ കുഴികൾ അടച്ചുകൊണ്ട് ആളുകൾക്ക് യാത്രചെയ്യാനുള്ള സൗകര്യമൊരുക്കണം. വാടനാംകുറുശ്ശി മേൽപ്പാലത്തിന്റെ നിർമ്മാണം വളരെ വേഗത്തിൽ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പൂർത്തീകരിക്കാനുമുള്ള നടപടി സ്വീകരിക്കുകയും വേണം. മറ്റ് മേൽപ്പാലങ്ങളും റെയിൽവേ അണ്ടർ ബ്രിഡ്ജും ത്വരിതഗതിയിൽ ആരംഭിക്കണം എന്നാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

38. ചമ്പക്കര പഴയപാലം പൊളിച്ചു മാറ്റുന്നതിന് നടപടി

ശ്രീമതി ഉമ തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൂണിത്തുറ വില്ലേജിൽ ചമ്പക്കര പഴയ പാലം അപകടാവസ്ഥയിലാണ്. കെ.എം.ആർ.എൽ. മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ പാലം പണിതപ്പോൾ പഴയ പാലത്തിന്റെ മുഴുവൻ ഭാഗങ്ങളും പൊളിച്ചുമാറ്റാതെ പുതിയ പാലത്തിന്റെ മുകളിൽതന്നെയാണ് പണിതിരിക്കുന്നത്. ഇപ്പോൾ പാലത്തിനടിയിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങൾക്കുമുകളിൽ പഴയ പാലത്തിന്റെ അവശിഷ്ടങ്ങൾ അടർന്നുവീണ്ടുകൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടറും എം.പി.-യും പ്രദേശത്തെ ജനപ്രതിനിധികളുമൊക്കെ ഈ സ്ഥലം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സന്ദർശിക്കുകയും കളക്ടർ 12-12-2023-ന് ദുരന്തനിവാരണ വകുപ്പിനും അഡീഷണൽ ചീഫ് സെക്രട്ടറിക്കും പഴയ പാലം അപകടാവസ്ഥയിലാണെന്നും എത്രയും വേഗം ഇതിനായി ഫണ്ട് അനുവദിക്കണമെന്നും കാണിച്ച് കത്തയച്ചിട്ടും ഇതുവരെയും പഴയ പാലം പൊളിച്ചുമാറ്റിയിട്ടില്ല. ദൈവഭാഗ്യം കൊണ്ടാണ് ഇത് വാഹനങ്ങളുടെ മുകളിൽ വീഴുമ്പോൾ റിപ്പയർ ചെയ്യാൻ സാധിക്കുന്നത്. എന്നാൽ, ഇത് ഏതെങ്കിലും കാൽനടക്കാരുടെ മുകളിൽ വീണാൽ അവരുടെ സ്ഥിതിയെന്താകുമെന്ന് പറയാൻ കഴിയില്ല. ഇതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 38. ചമ്പക്കര പഴയപാലം പൊളിച്ചു മാറ്റുന്നതിന് നടപടി

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്), മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

39. <u>മൊറയൂർ-വാലഞ്ചേരി-എൻ.എച്ച്.കോളനി റോഡ് ഗതാഗത യോഗ്യമാക്കൽ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ മിനി ഊട്ടിയിൽ നൂറുകണക്കിന് ആളുകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. ഈ ടൂറിസ്റ്റ് കേന്ദ്രത്തിലെ ക്യാമ്പ് സെന്ററിൽ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ക്യാമ്പുകൾ സ്ഥിരമായി നടക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ പ്രവർത്തിക്കുന്ന മിനി ഊട്ടിയിലേയ്ക്ക് എത്തുന്നതിനുള്ള റോഡ് പാടേ തകർന്നുതരിപ്പണമായി കിടക്കുകയാണ്. അതുകാരണം ഇവിടേയ്ക്ക് ടൂറിസ്റ്റുകൾ വരാത്ത സ്ഥിതിയാണ്. പാലക്കാട്-കോഴിക്കോട് ദേശീയപാതയിലെ മൊറയൂരിൽനിന്ന് ആരംഭിക്കുന്ന മൊറയൂർ-വളാഞ്ചേരി-അരിമ്പ്ര-ഊരകം-നെടിയിരിപ്പ് കോളനി റോഡാണ് ഇവിടേയ്ക്കുള്ള പ്രധാന ഗതാഗതമാർഗ്ഗം. വേങ്ങര-മലപ്പുറം-കൊണ്ടോട്ടി നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഈ റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിന് പ്രൈസ് ഐ.ഡി. PWD/RB/EST/105147, RD/2021/1474 എന്നീ നമ്പരുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതിന് എത്രയും വേഗം ഭരണാനുമതി നൽകി

പ്രവൃത്തിയാരംഭിക്കാൻ നടപടി സ്വീകരിക്കണം. മിനി ഊട്ടി റോഡുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡാണ് മൊറയൂർ-അരിമ്പ്ര-പൂക്കോട്ട് റോഡ്. 2022-23 വർഷത്തെ ബഡ്ജറ്റിലുൾപ്പെട്ട പ്രസ്തുത റോഡിന്റെ റിവേഴ്സ് എസ്റ്റിമേറ്റ് 17-05-2023-ലെ GO(Rt)No.618/2023/PWD പ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ട് ഒരു വർഷം പിന്നിട്ടു. അതിനിടെ വർക്കിന്റെ **Change of.....** ബന്ധപ്പെട്ട ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പെൻഡിംഗിലാണ്. പ്രൈസ് ഐ.ഡി. PWD/RB/EST/97164 വർക്കിന്റെ ടെണ്ടർ നടപടിയും വേഗത്തിൽ പൂർത്തീകരിച്ച് റോഡ് പ്രവൃത്തിയാരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

40. പട്ടണക്കാട് മിൽമയുടെ പ്രവർത്തനം

ശ്രീമതി ദെലീമ: സർ, 38 വർഷക്കാലം പൊതുമേഖലയിൽ നല്ലരീതിയിൽ പ്രവർത്തിച്ച സ്ഥാപനമാണ് പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി. ഇത്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇന്ന് വളരെയധികം പ്രതിസന്ധിയിലാണ്. ഉൽപാദനത്തിലെയും വിതരണത്തിലെയും പാകപ്പിഴകളും സർക്കാർ സബ്സിഡികൾ നിർത്തലാക്കിയതും കന്നുകുട്ടി പരിപാലനത്തിന് കാലിത്തീറ്റ ഉൽപാദിപ്പാദിപ്പിക്കാനുള്ള അംഗീകാരം സർക്കാർ വെട്ടിക്കുറച്ചതും മിൽമയുടെ തന്നെ 3200-ഓളം വരുന്ന മിൽമ ക്ഷീരസംഘങ്ങളിൽ മറ്റ് സ്വകാര്യ കാലിത്തീറ്റകൾ വിൽപന നടത്താനുള്ള അംഗീകാരം സർക്കാർ നൽകിയതുമൂലം ഈ സ്ഥാപനത്തെ അടച്ചുപൂട്ടലിന്റെ വക്കിലെത്തിച്ചിരിക്കുന്നു. ഇതിൽ പ്രധാനമായും മിൽമ കാലിത്തീറ്റ ഫാക്ടറി അറ്റാച്ച്ഡ് വിഭാഗം 115 കയറ്റിറക്ക് തൊഴിലാളികളെയാണ് പ്രധാനമായും ബാധിക്കുന്നത്. ഇവർ പ്ലാന്റിലെ സ്ഥിരം തൊഴിലാളികളാണ്. എന്നാൽ ഇവർക്ക് വേതനം നൽകുന്നത് ഉൽപാദനത്തിന് അനുസൃതമായിട്ടാണ്. ഇപ്പോൾ ഉൽപാദനം നടക്കാത്തതുകൊണ്ട് പ്രതിമാസം തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. ഇവരുടെ കുടുംബം പട്ടിണിയിലാണ്. മിൽമയ്ക്ക് സർക്കാർ സബ്സിഡി നൽകുക, മിൽമയുടെ 3200-ഓളം വരുന്ന ക്ഷീരസംഘങ്ങളിൽ 50 ശതമാനം മിൽമ കാലിത്തീറ്റയും 50 ശതമാനം സർക്കാർ ഉടമസ്ഥതയിലുള്ള

കേരള ഫീഡ്സും മാത്രമേ എടുക്കാവൂ എന്ന നിയമം കൊണ്ടുവരണം. ഇങ്ങനെ കൊണ്ടുവന്നാൽ പ്രൈവറ്റ് മേഖലയിലെ ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ പൂർണമായും നിർത്തലാക്കാൻ സാധിക്കും. കന്നുകുട്ടി പരിപാലനത്തിന് കാലിത്തീറ്റ ഉൽപാദിപ്പിക്കാനുള്ള അവകാശം 50 ശതമാനമെങ്കിലും മിൽമയ്ക്കും നൽകുക. ഇത് നിലവിൽ മുഴുവനായും കേരള ഫീഡ്സിനാണ് നൽകുന്നത്. ത്രിതല പഞ്ചായത്തുകളിൽ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. ഇതിൽ മിൽമ കാലിത്തീറ്റ കൂടി ഉൾപ്പെടുത്തുക. ഇത്തരം കാര്യങ്ങളിൽ സർക്കാർ ഇടപെടണമെന്നും മിൽമയുടെ പ്രതിസന്ധി പരിഹരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

41. കേരള ഫീഡ്സ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: സർ, 2012-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് കരുനാഗപ്പള്ളിയിലെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാലിത്തീറ്റ ഫാക്ടറി. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ലഭിക്കുന്ന ഒരാനുകൂല്യങ്ങളും ഈ തൊഴിലാളികൾക്ക് ഇതുവരെയും ലഭിച്ചിട്ടില്ല. നേരത്തെയും സബ്മിഷനായി സഭയിൽ ഈ വിഷയം ഉന്നയിച്ചിരുന്നെങ്കിലും തീരുമാനമാകാത്തതുകൊണ്ട് ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന് മാത്രമല്ല അവരെ രണ്ടാംതര പൗരന്മാരായി കമ്പനി മാനേജ്മെന്റ് കാണുന്നുണ്ട് എന്നത് തൊഴിലാളികളിൽ വലിയ മാനസിക സംഘർഷത്തിനിടയാക്കുന്നു. മിനിമം വേതനം, ഗ്രാറ്റുവിറ്റി, ആശ്രിത നിയമനം, സ്ഥിരനിയമനം, വേതനത്തോടുകൂടിയുള്ള അവധി, ഐഡന്റിറ്റി കാർഡ്, പ്രാഥമിക സൗകര്യങ്ങൾ, എഗ്രിമെന്റ് പുതുക്കൽ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയൊന്നും ഈ തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, തൊഴിലാളികൾ തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടത്തിൽപ്പെട്ടാൽ അവർക്ക് ധനസഹായമോ വൈദ്യസഹായമോ ലഭിക്കാറില്ല. ഈ തൊഴിലാളികൾ ആനുകൂല്യം ചോദിക്കുമ്പോൾ അവരെ പിരിച്ചുവിടുമെന്ന് മാനേജ്മെന്റ് സ്ഥിരമായി ഭീഷണിപ്പെടുത്താറുമുണ്ട്. മറ്റൊന്ന് ഭൂമി

നൽകിയവരുടെ പ്രശ്നങ്ങളാണ്. മുൻകാലപ്രാബല്യത്തോടുകൂടി ഭൂമി നൽകിയവരെ സ്ഥിരപ്പെടുത്തുന്നതിനും വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് അവർക്ക് പോസ്റ്റിംഗ് നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കേരള ഫീഡ്സിലെ തൊഴിലാളി നേതാക്കന്മാരുടെ ഒരു യോഗം ഉടൻ വിളിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

42) കുണ്ടറയിലെ ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുണ്ടറ താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടം പൂർത്തിയാകുമ്പോഴേക്കും 42 ബെഡ് എന്നുള്ളത് 153 ബെഡുകളായി ഉയരാൻ പോകുകയാണ്. അങ്ങ് ആശുപത്രി സന്ദർശിച്ചതാണ്. എന്നാൽ അതിനനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ത് അവിടെയുണ്ടെങ്കിൽ മാത്രമെ ആ ആശുപത്രിയെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. എം.എൽ.എ. ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിൽനിന്നും ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. അത്

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രവർത്തിപ്പിക്കണമെങ്കിലും വകുപ്പിന്റെ സഹായം ആവശ്യമായിട്ടുണ്ട്. അതുപോലെ ഗൈനക്കോളജി, പീഡിയാട്രിഷൻ, ഫിസിഷ്യൻ, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റുകളുണ്ടെങ്കിലും ENT, സർജറി, ഓർത്തോ, കണ്ണുരോഗ വിദഗ്ദ്ധൻ തുടങ്ങിയ വിഭാഗങ്ങളിലൊന്നും സ്പെഷ്യലിസ്റ്റുകളില്ല, അത് അനുവദിക്കേണ്ടതാണ്. അതോടൊപ്പം നെടുമ്പന ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിലേയ്ക്ക് മാറ്റുന്നതുകാരണം വലിയ പ്രതിസന്ധി നേരിടുകയാണ്. നെടുമ്പന ആശുപത്രിയിൽ മതിയായ സ്റ്റാഫിനെയും ഡോക്ടർമാരെയും നിയമിക്കാനുള്ള നടപടികൾ ഉണ്ടാകണം. അവിടെ എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച ആംബുലൻസിന്റെ പരിപാലന ചെലവുമായി ബന്ധപ്പെട്ട് ചില സാങ്കേതിക തടസ്സമുണ്ട് അത് പരിഹരിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ഇല്ലെങ്കിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് ഒരു ഇടപെടലുണ്ടാകണം. ഈ രണ്ട് ആശുപത്രികളും നല്ല നിലയിൽ പ്രവർത്തിക്കാനാവശ്യമായിട്ടുള്ള സ്റ്റാഫ് സ്ട്രെങ്ത് ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, അതിമനോഹരമായ മികച്ചൊരു കെട്ടിടമാണ് കുണ്ടറ താലൂക്ക് ആശുപത്രിയിൽ പൂർത്തീകരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കുണ്ടറ താലൂക്ക് ആശുപത്രിയുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

43) ആരോഗ്യ ഇൻഷ്വറൻസ്

ശ്രീ. ലിന്റോ ജോസഫ്: സർ, രാജ്യത്തെ ഏറ്റവും വിപുലമായ ആരോഗ്യ സംവിധാനമുള്ളതും ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നതുമായ സംസ്ഥാനമാണ് നമ്മുടേത്. കേരളത്തിൽ നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാസ്പ് 2018-19 വർഷത്തിലാണ് അർഹതയുള്ളവരെ ഏറ്റവും അവസാനമായി കൂട്ടിച്ചേർത്തതും ഇൻഷ്വറൻസ് കാർഡ് നൽകിയതും. അതുപ്രകാരം 42 ലക്ഷം കുടുംബങ്ങൾക്കാണ് കാസ്പ് കാർഡുകൾ ലഭ്യമായത്. അതിനുശേഷം സമഗ്രമായൊരു റിവിഷൻ ഇതിൽ ഉണ്ടായിട്ടില്ല. നിലവിലുള്ള കാർഡിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് സൗകര്യം ലഭിക്കുന്നുണ്ടെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ കാരണം പലപ്പോഴും തടസ്സങ്ങൾ

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

നേരിടുന്നു. പുതിയ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. കാരുണ്യ ബെനവലന്റ് സ്കീം ഉണ്ടെങ്കിലും പലപ്പോഴും ഇത് ഫലപ്രദമല്ല. അഞ്ച് വർഷം പൂർത്തിയായ ഘട്ടത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതിയ കുടുംബങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനും നിലവിലുള്ള കാർഡിൽ അർഹതയുള്ളവരെ സമഗ്രമായി ഒരു റിവിഷൻ പരിപാടി നടപ്പിലാക്കി ഉൾപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ; അതോടൊപ്പം ഈ പദ്ധതിയിൽ ആവശ്യമായിട്ടുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, നേരത്തെ മുപ്പതിനായിരം രൂപയായിരുന്നതാണ് ഇപ്പോൾ 5 ലക്ഷം രൂപയായത്. 2020-21-ൽ രണ്ടര ലക്ഷം കുടുംബങ്ങളായിരുന്നത് ഇന്ന് അത് 42 ലക്ഷം കുടുംബങ്ങളിലെ ആറര ലക്ഷം വ്യക്തികൾക്കാണ് ഓരോ വർഷവും നൽകുന്നത്. ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ ഹെൽത്ത് അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. ആ അനുമതി ലഭിക്കുകയും

അതോടൊപ്പം ഓരോ വ്യക്തിക്കും അതിന് ആനുപാതികമായിട്ടുള്ള കേന്ദ്രവിഹിതമായ 162 രൂപ പ്രീമിയം തുക കൂടി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിനായി ഡൽഹിയിൽപ്പോയി കേന്ദ്രമന്ത്രിയെയുൾപ്പെടെ കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യ പരിരക്ഷ എന്നുള്ളതുതന്നെയാണ് സർക്കാർ നയം. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.